2026 SEPTEMBER 28

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# പുത്തൻ അറിവുകളും കാഴ്ചപ്പാടുകളുമായി

# ലാന കൺവൻഷൻ



## കള്ളനുമുണ്ട് ഒരു ദൈവം; അക്ഷരത്തിനുമുണ്ട് ശക്തി




450+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
THE RESPONSIBLE JEWELLER™
A Legacy Built on Trust.
A Responsibility We Uphold.

# പുത്തൻ അറിവുകളും കാഴ്ചപ്പാടുകളുമായി

# ലാന കൺവൻഷൻ



വാഷിങ്ങ്ടൺ ഡി. സി: ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) യുടെ ഈ വർഷത്തെ ത്രിദിന റീജണൽ കൺവെൻഷന് വാഷിങ്ങ്ടൺ ഡി.സി. ഏരിയായിൽ എഴുത്തുകാരൻ സക്കറിയ ഉദ്ഘാടനം ചെയ്തു. മതേതര മൂല്യങ്ങളെ ഉയർത്തിപിടിക്കുവാൻ മലയാളികൾ മന:പൂർവ്വം പരിശ്രമിക്കണമെന്ന് സക്കറിയ ആഹ്വാനം ചെയ്തു. മലയാളികളുടെ മതസൗഹാർദ്ദത്തെ തകർക്കുവാനായി പല കോണുകളിൽ നിന്നും ശ്രമങ്ങൾ നടക്കുന്നത് നാം കാണാതെ പോകരുതെന്ന് അദ്ദേഹം ഓർമ്മിച്ചിച്ചു.

പ്രശസ്ത എഴുത്തുകാരൻ വി. ജെ. ജെയിസ് ‘നിരീശ്വരതയിലെ അത്മീയതഭ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

സെപ്റ്റംബർ 25 വെള്ളിയാഴ്ച മുതൽ വാഷിങ്ങ്ടൺ ഡി.സി. ഏരിയായിലുള്ള ജോർജ് മണ്ണിക്കരോട്ട് നഗറിലാണ് കൺവെൻഷൻ. 27ാം തീയതി ഞായറാഴ്ച വരെ വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു . അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി 130 പേർ മീറ്റിംഗിൽ പങ്കെടുക്കുത്തു.

അടുത്തിടെ നമ്മെ വിട്ടുപോയ അമേരിക്കൻ മലയാളി എഴുത്തുകാരയ ജോർജ് മണ്ണിക്കരോട്ട്, പി. ടി. പൗലോസ് എന്നിവരെ സമ്മേളനത്തിൽ പ്രത്യേകം അനുസ്മരിച്ചു.

ലാന പ്രസിഡന്റ് സമുവേൽ യോഹന്നാൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി നിർമ്മല ജോസഫ്, ഷിബു പിള്ള, ഹരിദാസ് തങ്കപ്പ9, ജോൺ ഇളമത, മനോഹർ തോമസ്, അനിലാൽ ശ്രീനിവാസൻ, നാരായണൻ വളപ്പിൽ, ഷെല്ലി പ്രഭാകരൻ, ലെൻസി ജേക്കബ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. കൺവെൻഷൻ കമ്മറ്റി ചെയർമാൻ വേണുഗോപാലൻ കൊക്കോടൻ സ്വാഗതവും കൺവെൻഷൻ കമ്മറ്റി കൺവീനർ ഷിനോ കുര്യൻ നന്ദിയും പ്രകാശിപ്പിച്ചു. സിനി പണിക്കർ അവതാരകയായിരുന്നു.


Washington DC- Virginia Regional Convention
George Mannickarottu Nagar, September 25 - 27, 2026
LITERARY ASSOCIATION OF NORTH AMERICA




September 25 - 27, 2026


George Mannickarottu Nagar,
LITERARY ASSOCIATION OF NORTH AMERICA
LITERARY ASSOCIATION OF NORTH AMERICA
LANA

















CELEBRATING 30 Yrs
Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# കള്ളനുമുണ്ട് ഒരു ദൈവം; അക്ഷരത്തിനുമുണ്ട് ശക്തി : വി.ജെ. ജെയിംസ്



ഒ.വി. വിജയന് ശേഷം തത്വചിന്തയുടെ ഗഹനത ജനകീയ നോവലാക്കുന്ന അപൂർവ സിദ്ധിയുള്ള എഴുത്തുകാരനാണ് വി.ജെ. ജെയിംസ്. ആഴമായ ചിന്താസരണിയെ നിത്യജീവിതവുമായി ബന്ധിപ്പിക്കുകയും പുതിയ അർത്ഥതലങ്ങൾ നൽകുകയും ചെയ്യുന്ന എഴുത്തുകാരൻ. മതത്തിനും വിശ്വാസങ്ങൾക്കും അപ്പുറമുള്ള അന്വേഷി....

അക്ഷരത്തിനു ശക്തിയുണ്ടെന്നു ജെയിംസ് പറയുന്നു. താൻ എഴുതിയ കൃതികളൊക്കെ സ്വന്തം കാലിൽ സഞ്ചരിച്ചവയാണ്. ആരും പൊക്കി വിടുകയോ പബ്ലിസിറ്റിയുടെയും അവാർഡുകളുടെയും ബലത്തിൽ ജനശ്രദ്ധ നേടുകയോ ചെയ്തവയല്ല. വാഷിങ്ങ്ടൺ ഡി.സി എന്ന കഥ എഴുതിയിരുന്നു. ഇപ്പോഴിതാ ഡിസിയിൽ എത്തിയിരിക്കുന്നു. ലൈക്ക എന്ന നോവൽ റഷ്യയെപ്പറ്റിയാണ്. പിന്നീടവിടെ പോയി. നല്ല കൃതികൾ ജനം വായിക്കുക തന്നെ ചെയ്യും

ക്രിയേറ്റിവിറ്റിക്ക് പ്രായം ഒരു പ്രശ്നമല്ലെന്ന് അദ്ദേഹത്തിന്റെ പക്ഷം.

ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) സമ്മേളനത്തിനെത്തിയ അദ്ദേഹവുമായി ലാന സെക്രട്ടറി നിർമ്മല ജോസഫിന്റെ വസതിയിൽ വച്ച് നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്.

***ചോദ്യം: ആദ്യത്തെ അമേരിക്കൻ സന്ദർശനം ആണല്ലോ. സങ്കല്പത്തിലുള്ള അമേരിക്കയും നേരിട്ട് കണ്ടപ്പോഴുള്ള അമേരിക്കയും തമ്മിലുള്ള വ്യത്യാസം എന്താണ്?***

വന്നിട്ട് രണ്ടു മൂന്നു ദിവസമേ ആയുള്ളൂ. ന്യൂയോർക്ക് സിറ്റിയിൽ പുറത്തേക്ക് ഇറങ്ങിയപ്പോൾ നമ്മുടെ ഡൽഹിയിലോ അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിലോ എത്തിയ ഫീൽ മാത്രമേ ആദ്യം കിട്ടിയുള്ളൂ. കിട്ടിയ സമയം കൊണ്ട് വേൾഡ് ട്രേഡ് സെന്ററിലെത്തി. അവിടെ നിൽക്കുമ്പോൾ ഒരുപാട് ചേതോവികാരങ്ങൾ നമ്മളെ ബാധിക്കും.

ടിവിയിലൂടെ ഒക്കെ കാണുകയും വല്ലാതെ നമ്മളെ അലട്ടുകയും ചെയ്ത പ്രദേശം. മെമ്മോറിയലിൽ ബന്ധുക്കളാവണം വന്ന് പുഷ്പങ്ങൾ വെച്ചു മൗനമായി നിൽക്കുന്നതൊക്കെ കാണുമ്പോൾ നമ്മുടെ ഉള്ളിൽ ഉണ്ടാകുന്നത് വലിയ വികാര തരംഗം തന്നെ.

എങ്ങനെ ഞാൻ ഇവിടെ എത്തുന്നു എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം അക്ഷരത്തിന്റെ പ്രവർത്തനമാണ്. അക്ഷരമാണ് സൂക്ഷ്മമായിട്ട് ഈ പ്രവർത്തികൾ എല്ലാം നടത്തുന്നത്, എഴുതിക്കുന്നതും. ആ എഴുത്തിന്റെ ഫലമായിട്ടാണല്ലോ ഇവിടെ എത്തിച്ചേർന്നത്. അല്ലാതെ വേറെ ഒന്നുമല്ല. മലയാളത്തിലാണ് എഴുതുന്നതെങ്കിൽ പോലും അതിന്റെ സൂക്ഷ്മശക്തി ഒന്നാണ്. സൂക്ഷ്മത്തിൽ നിന്ന് സ്ഥൂലത്തിലേക്ക് വരുമ്പോഴാണ് വ്യത്യസ്ത ഭാഷകളായിട്ട് തോന്നുന്നത്. ആ സൂക്ഷ്മ ശക്തി എല്ലായിടത്തും വ്യാപിച്ചിട്ടുണ്ട്. ആ ഒരു സൂക്ഷ്മതയെയാണ് ഞാൻ ഇവിടെ തൊടുന്നതും.

***ചോദ്യം: ഞങ്ങളൊക്കെ വന്നിട്ട് മൂന്ന് പതിറ്റാണ്ട് ഒക്കെ കഴിഞ്ഞു. അതിനു ശേഷമാണ് താങ്കളുടെ കൃതികൾ പ്രത്യക്ഷപ്പെടുന്നത്. അതിനാൽ അർഹിക്കുന്ന പ്രചാരം താങ്കളുടെ കൃതികൾക്ക് ഇവിടെ വന്നിട്ടില്ല. നാട്ടിലെ സ്ഥിതി എന്താണ്? നാട്ടിൽ ചില എഴുത്തുകാർ ഹൈപ്പ് ഉണ്ടാക്കി പബ്ലിസിറ്റി നേടുന്നുണ്ട് . അങ്ങനെ ഒരു പബ്ലിസിറ്റി താങ്കളുടെ കാര്യത്തിൽ കാണുന്നില്ല. ഇങ്ങനെ ജനകീയത കിട്ടുന്നതിൽ കാര്യമുണ്ടോ?***

കാര്യമുണ്ടോ ഇല്ലയോ എന്നുള്ളത് എനിക്ക് അറിഞ്ഞൂടാ. പക്ഷെ ഞാൻ നേരത്തെ പറഞ്ഞതുപോലെ എഴുത്തിന് ശക്തി ഉണ്ടെങ്കിൽ അത് സ്വയം സഞ്ചരിക്കും എന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്. പുതിയ കാലഘട്ടത്തിൽ സ്വയം പ്രൊജക്ട് ചെയ്യാൻ നിന്നു കൊടുക്കുകയും അതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്താൽ മാത്രമേ പുസ്തകവും ആൾക്കാരും കൂടുതലായി പെട്ടെന്ന് ശ്രദ്ധിക്കുകയുള്ളൂ.

ഒരു സംഘടനയോ അല്ലെങ്കിൽ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ കൂട്ടത്തിൽ നമ്മൾ ഒഴുകുകയാണെങ്കിൽ നമുക്ക് ചിലപ്പോൾ കൂടുതലായി ഒരു പ്രൊജക്ഷൻ വരും. പക്ഷെ എന്നെപ്പോലുള്ള ഒരു സാധാരണക്കാരൻ അത്തരത്തിൽ ഒന്നിലും ഇടപെടാതെ നിൽക്കുന്നു. ഒരു കോളേജ് അധ്യാപകൻ വിളിച്ചിട്ട് പറഞ്ഞു ജെയിംസെ, താങ്കൾ താറാവിനെ പോലെയാണ് മുട്ട ഇട്ടിട്ട് എഴുന്നേറ്റു പോകും. പക്ഷെ കോഴിയെ പോലെ ആകണം. കോഴിയെപ്പോലെ ഒരു മുട്ടയിട്ടിട്ട് ഞാനിതാ ഒരു ഭൂലോകം പ്രസവിച്ചിരിക്കുന്നു എന്ന് ഉറക്കെ കൂവിയാൽ മാത്രമേ ലോകശ്രദ്ധയിൽ വരികയുള്ളൂ.

അദ്ദേഹം പോസിറ്റീവ് ആയിട്ട് തന്നെയാണ് പറഞ്ഞത്. അങ്ങനെ എല്ലാവരിലേക്കും പെട്ടെന്ന് ശ്രദ്ധ എത്തുന്ന രീതി വന്നിട്ടില്ലെങ്കിലും ഈ പുസ്തകങ്ങൾ സ്വയം സഞ്ചരിച്ച് പോകുന്ന സ്ഥിതിയുണ്ട്. സ്ലോ ലിറ്ററി സർവൈവൽ. അതായത് ഒരു പുസ്തകത്തിന് കാമ്പുണ്ടെങ്കിൽ അത് പതുക്കെ ആയിരിക്കും മൂവ് ചെയ്യുന്നത്. പക്ഷെ അതിങ്ങനെ പ്രോഗ്രസ്സ് ചെയ്തുകൊണ്ടേയിരിക്കും.

കാമ്പുള്ള പുസ്തകമാണെങ്കിൽ ഒരു 10 വർഷം കഴിഞ്ഞാൽ അത് വീണ്ടും വിലയിരുത്തപ്പെടും. വീണ്ടും 10 വർഷം കഴിഞ്ഞാൽ അതിന് വീണ്ടും മാർക്കിടപ്പെടും. അങ്ങനെ ഒരു 25 വർഷം കഴിഞ്ഞാലും മാർക്കിടാൻ തക്കവണ്ണം ഉണ്ടെങ്കിൽ മാത്രമേ ഇത് കടന്നു പോവുകയുള്ളൂ.

ആദ്യ നോവലായ പുറപ്പാടിന്റെ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് പെൻഗ്വിൻ ആണ് പുറത്തിറക്കുന്നത്. 25ാം വർഷത്തിലാണ് ഇത്. അതുപോലെ നിരീശ്വരന്റെ 27 പതിപ്പ് ഇറങ്ങി. യാതൊരു ഒച്ചപ്പാടുകളോ വിവാദങ്ങളോ ഉണ്ടാവാതെ ഒരു പുസ്തകം സ്വയം സഞ്ചരിച്ച് 27 പതിപ്പിലേക്ക് എത്തുന്നു. അതുപോലെ അഞ്ച് പുസ്തകങ്ങൾ പെൻഗ്വിനിലൂടെ ഇംഗ്ലീഷിൽ വന്നു. ഇംഗ്ലീഷിൽ വരാൻ ഞാനായിട്ട് ഒരു എഫർട്ട് എടുത്തതല്ല. തേടി വന്നതാണ്. അക്ഷരത്തിന്റെ ശക്തി സ്വയം സഞ്ചരിച്ച് ഒരു പുസ്തകം വായിക്കാൻ വിധിക്കപ്പെട്ട ആളിൽ ചെന്നെത്തും. ഒരു ധാന്യത്തിൽ അത് കഴിക്കാൻ വിധിക്കപ്പെട്ടവന്റെ പേര് എഴുതി വെച്ചിട്ടുണ്ടെന്ന് പറയുന്നതുപോലെ ഒരു പുസ്തകം വായിക്കാൻ വിധിക്കപ്പെട്ട ആളിൽ ചെന്നെത്തുകയും അവർ പറഞ്ഞു ഈ പുസ്തകം മറ്റ് ആളുകളിലേക്ക് എത്തുകയും ചെയ്യുന്നു. കാലത്തിലേക്ക് സഞ്ചരിക്കാൻ വിധി ഉണ്ടെങ്കിൽ അത് സഞ്ചരിക്കും.

***ചോദ്യം: സ്വയം സഞ്ചരിക്കുന്ന എത്ര പുസ്തകങ്ങൾ ഉണ്ട് മലയാളത്തിൽ?***

കാമ്പുള്ള പുസ്തകങ്ങൾ സഞ്ചരിക്കും. ചിലപ്പോൾ ചിലരെ സംബന്ധിച്ചിടത്തോളം ഇതൊരു മണ്ടൻ വിചാരമായിട്ട് തോന്നിയാലും മതി. എന്റെ പരിമിതി ആയിരിക്കാം. ഞാൻ വലിയ ബഹളങ്ങളിലേക്കൊന്നും ചെല്ലാനോ അല്ലെങ്കിൽ അതിനു നിന്ന് കൊടുക്കാനോ തയ്യാറല്ല. ഇത് സഞ്ചരിക്കുന്നിടത്തോളം സഞ്ചരിച്ചാൽ മതി, അതാണ് അതിന്റെ ഒരു യാത്രാവഴി.

***ചോദ്യം: അങ്ങനെയുള്ള പുസ്തകങ്ങൾ മലയാളത്തിൽ ഉണ്ടോ?***

നിരീശ്വരന് 27 പതിപ്പുകൾ വന്നു. 50000 ത്തിനടുത്ത് കോപ്പികൾ ഒരു ബഹളവും ഉണ്ടാക്കാതെ ജനങ്ങളിലെത്തി. തകഴിയുടെയോ ദേവിന്റെയോ അല്ലെങ്കിൽ ക്ലാസിക്കുകൾ നമ്മളിലേക്ക് വന്നതും നിലനിൽക്കുന്നതും അതിന്റെ അതിജീവന ശേഷി കൊണ്ട് തന്നെയാണല്ലോ. ആരും പ്രത്യേകമായിട്ട് ഒരു പിആർ വർക്ക് നടത്തിയിട്ടൊന്നുമില്ല.

***ചോദ്യം: ഖസാക്ക് ഞാൻ എപ്പോൾ കണ്ടാലും വീണ്ടും വീ-ണ്ടും വായിക്കും. അപ്പോഴൊക്കെ പുതിയ എന്തെങ്കിലും ഒരു അർ-ഥം കിട്ടുന്ന പോലെ തോന്നും. അങ്ങനെ ഒരു പുസ്തകം മല-യാളത്തിൽ പിന്നെ കണ്ടിട്ടില്ല. എന്താണഭിപ്രായം?***

എന്റെയും മാനസഗുരുവായിട്ട് ഞാൻ സ്വീകരിച്ചിരിക്കുന്നത് ഒ.വി. വിജയനെ തന്നെയാണ്. ഖസാക്ക് വായിച്ചു കഴിഞ്ഞപ്പോഴത്തേക്കും അതുവരെയുള്ള എന്റെ വായനയു-ടെ സകല ധാരണകളും അട്ടിമറി-ക്കപ്പെട്ടു. എൻജിനീയറിങ് കഴിഞ്ഞ-തിനു ശേഷമാണ് ഖസാക്കിന്റെ ഇതിഹാസം വായിക്കുന്നത്. ഒരു പ്രീഡിഗ്രി കാലഘട്ടത്തിൽ ഖസാ-ക്ക് വായിച്ചാൽ എനിക്ക് ഈ ഒരു അനുഭവം കിട്ടില്ല. ഇടിവെട്ടിയതു പോലെ ശരിക്കും ബാധിച്ച ഒരു പുസ്തകം. എഴുതുകയാണെങ്കിൽ ഒ.വി. വിജയനെ പോലെ ആണ് എ-ഴുതേണ്ടത് എന്ന് പോലും ആഗ്രഹം ഉണ്ടായിരുന്നു. ആ ഇടയ്ക്കാണ് ഗു-രുസാഗരം ഇറങ്ങുന്നത്. പിന്നെ എന്റെ എഴുത്തിന്റെ യാത്ര ആ ഒരു വഴിയിലായിരുന്നു. അതുകൊണ്ട് ഗുണവും ഉണ്ടായി ദോഷവുമുണ്ട്.

ദോഷം എന്ന് പറയുന്നത് മറ്റൊ-ന്നുമല്ല നമ്മൾ എന്ത് എഴുതിയാ-ലും വിജയൻ എഴുതുന്ന പോലെ ആയി തോന്നുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പുറപ്പാടിന്റെ പു-സ്തകത്തിന്റെ മാനുസ്ക്രിപ്റ്റ് ഒരു സുഹൃത്തിന് വായിക്കാൻ കൊടു-ത്തപ്പോൾ അദ്ദേഹം പറഞ്ഞ മറുപ-ടി ഇതാണ്. ഇതിൽ 90% ഒവി വിജ-യനും 10% വി.ജെ ജെയിംസുമാണ് ഉള്ളത്. ഒബ്സസ്ഡ് ആയി എഴു-തി വരുമ്പോൾ അതുപോലെ ആയി പോകുന്നു. ഗുരുവായിട്ട് കൊണ്ടു നടന്ന ഒരാള് 'ബാധ'യായി. ഞാൻ വീണ്ടും വെട്ടി തിരുത്തി. മൊത്തം 12 വർഷം എടുത്തു എനിക്ക് പുറ-പ്പാടിന്റെ പുസ്തകം പൂർത്തിയാ-ക്കാൻ. വീണ്ടും ഇതേ സുഹൃത്തി-നോട് വായിച്ചു നോക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഞാൻ ആ പെ-ർസെന്റേജ് തിരിച്ചിടും. ഇപ്പോൾ 90 ശതമാനം ജെയിംസും 10% വിജയ-നുമേ ഉള്ളൂ എന്ന്. അപ്പോഴാണ് എനിക്ക് സമാധാനമായത്. പിന്നെ ആ കാലഘട്ടത്തിനു ശേഷം ഒ.വി വിജയനെ വായിച്ചതേ ഇല്ല. ഇഷ്ട-മില്ലാഞ്ഞിട്ടല്ല അത് എന്നെ സ്വാധീ-നിക്കരുത് എന്ന് വിചാരിച്ചു.

ഖസാക്ക് വായിച്ചാൽ എന്ത് ഫ്രഷ്നെസ്സ് ആണ്. എത്ര കൃതി-കളെ നമുക്ക് അങ്ങനെ പറയാൻ പറ്റും. ഒരു കാലഘട്ടത്തിന് വേണ്ടി മാത്രമായി എഴുതപ്പെടുന്ന ചില കൃതികളുണ്ട്. ഇന്നത്തെ ഒരു വിഷ-യം എടുത്ത് എഴുതുമ്പോൾ പെട്ടെ-ന്ന് ഒരു ഹൈപ്പ് ഉണ്ടാവാം. പക്ഷെ ഒരു അഞ്ചു വർഷം കഴിഞ്ഞാൽ അത് ഉണ്ടാവണമെന്നില്ല. അപ്പൊ ഒരു കൃതി എപ്പോഴും നിലനിൽക്കു-ന്നത് ഏത് കാലഘട്ടത്തിലെ മനു-ഷ്യനെയും ബാധിക്കുന്ന ഒരു വിഷ-യമായിട്ട് മാറുമ്പോഴാണ്. ആ ഒരു ചിന്ത എനിക്ക് എപ്പോഴും ഉണ്ട്. 50 വർഷം കഴിഞ്ഞ് ഒരു മനുഷ്യൻ വാ-യിച്ചാലും അയാൾക്ക് ഇതിൽ റിലേ-റ്റ് ചെയ്യാനായി ഉണ്ടായാൽ മാത്ര-മേ അത് ജീവിക്കുകയുള്ളൂ.

***ചോദ്യം: താങ്കൾ എഴുതിയ പ-ുസ്തകങ്ങളിൽ ഇപ്പൊ തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവും ഇഷ്ടപ്പെട്ട-ത്. അല്ലെങ്കിൽ ഏറ്റവും കൂടുതൽ താല്പര്യം തോന്നിയ പുസ്തകം?***

താല്പര്യം എന്ന് പറയാൻ പറ്റി-ല്ല. കാരണം ഞാൻ എഴുതുമ്പോൾ എനിക്കൊരു ധാരണയുണ്ട്. ഒരേ അച്ചിലിട്ട് വാർത്ത പുസ്തകങ്ങൾ ഉണ്ടാവരുത്. അത് നിർമ്മാണമാ-യി പോകും. ഞാൻ എഞ്ചിനീയർ ആണ് അടിസ്ഥാനപരമായി. ഐ എസ്ആർഒയിൽ ജോലി ചെയ്യു-മ്പോൾ ബുദ്ധി ഉപയോഗിച്ച് ചെ-യ്യേണ്ട ചില കാര്യങ്ങൾ ഉണ്ട്. അത് നിർമ്മിതിയാണ്. ക്രിയേറ്റിവിറ്റി അതിനകത്ത് ഉണ്ടെങ്കിലും സയൻ-സിന്റെ നിയമങ്ങൾ ഉപയോഗിച്ചു നമ്മൾ നിർമ്മിച്ചെടുക്കുകയാണ്. എഴുത്തിൽ നിന്ന് കിട്ടുന്ന ആന-ന്ദം എന്താണെന്ന് വെച്ചാൽ ഇതു-വരെ നമ്മൾ ഇടപെടാത്ത ഒരു മേ-ഖലയിലൂടെ അന്വേഷണം നടത്തി



നമ്മൾ തന്നെ കണ്ടെത്തുന്നതിന്റെ ആനന്ദം. അപ്പൊ ഒന്ന് ഒന്നിൽ നിന്ന് വ്യത്യസ്തമായിരിക്കണം എന്ന ആഗ്രഹം ഉണ്ടായിരിക്കും.

പുറപ്പാടിന്റെ പുസ്തകത്തിൽ നിന്ന് പാടെ വ്യത്യസ്തമാണ് രണ്ടാമത്തെ നോവൽ ചോരശാസ്ത്രം. അത് ഒരുപാട് എനിക്ക് ഇഷ്ടമാണ്. അതുപോലെ ദത്താപഹാരം. എഴുത്തുകാരൻ എന്ന നിലയിൽ ഏറ്റവും വെല്ലുവിളിച്ച കൃതി ഏതാണെന്ന് ചോദിച്ചാൽ അത് ദത്താപഹാരമാണ്. അതിൽ ഒരു ഫിലോസഫി ഉണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ടത്. പരിസ്ഥിതിവാദം നമ്മൾ കൂടുതലായി ചർച്ച ചെയ്യപ്പെടുന്നത് മുൻപേ, 2005 ലാണ് പുസ്തകം വരുന്നത്. ആ ഫിലോസഫിയെ ഫിക്ഷനിലൂടെ ചിത്രീകരിക്കാൻ നല്ല ചലഞ്ച് ആണ്. ഫിലോസഫി വലിച്ചു കൊണ്ടുവന്ന് നിർബന്ധപൂർവ്വം ചേർക്കുകയാണെന്ന് തോന്നാത്ത വിധത്തിൽ കഥാപാത്രങ്ങളിലൂടെ സഞ്ചാരത്തിലൂടെ കഥയിലൂടെ സ്വാഭാവികതയിലൂടെ അത് വരുന്നു. ഫിലോസഫി എന്ന് പറഞ്ഞാൽ വലിയ കട്ടി പിടിച്ച സാധനം എന്നുള്ള അർത്ഥത്തിലല്ല. ഓ ഇങ്ങനെ ഒരെണ്ണം ഉണ്ടല്ലോ എന്ന് നമ്മളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണത്.നമ്മൾ തന്നെയാണ് പ്രകൃതി എന്നും എന്റെ തന്നെ തുടർച്ചയാണ് പ്രകൃതി എന്നും ഉള്ള ഒരു അനുഭവതലത്തിലേക്ക് എത്തുന്ന, സ്വയം ഒരു കാടായി മാറിയ ഒരു വ്യക്തിയുടെ കഥയാണത്.

***ചോദ്യം: ഇംഗ്ലീഷിൽ തർജ്ജമ ചെയ്യുമ്പോഴും ഈ പുസ്തകങ്ങളുടെ എല്ലാം പേരുകൾ മലയാളത്തിൽ തന്നെ. നിരീശ്വരൻ എന്ന് തന്നെയാണ് ഇംഗ്ലീഷിലും. അത് നല്ലതാണോ ദോഷമാണോ?***

നിരീശ്വരൻ വായിക്കുമ്പോൾ മലയാളത്തിൽ ഉള്ളതിനെയാണ് ഓർമ്മ വരിക. പല പദങ്ങളും ഇന്ന് ഇംഗ്ലീഷുകാർ അക്സെപ്റ്റ് ചെയ്യുന്നുണ്ട്. പത്തുപേർ വായിച്ചാൽ നിരീശ്വരൻ അക്സെപ്റ്റഡ് ആകും. പിന്നെ ചോരശാസ്ത്രം ചോരശാസ്ത്ര: ദി സബ്റ്റിൽ സയൻസ് ഓഫ് തീവറി. ചോരശാസ്ത്രം എന്ന് പറഞ്ഞാൽ കളവിന്റെ ശാസ്ത്രമാണ്. വെറുതെ ചോരശാസ്ത്ര എന്ന് പറഞ്ഞാൽ ഒരാൾക്ക് എന്ത് എന്ന സംശയം തോന്നും അതുകൊണ്ട് സബ്റ്റിൽ സയൻസ് ഓഫ് തീവറി എന്ന് കൂട്ടിച്ചേർത്തു. പുറപ്പാടിന്റെ പുസ്തകത്തിന് ദി ബുക്ക് ഓഫ് എക്സോഡസ്. ദത്താപഹാരത്തിനു ഇതേ പ്രശ്നം ഉണ്ട്, പക്ഷെ ആ പദം കളയാൻ വിഷമം ഉള്ളതുകൊണ്ട് ദത്താപഹാരം: കോൾ ഓഫ് ദി ഫോറസ്റ്റ്; കാടിന്റെ വിളി. നിരീശ്വരൻ: ദ നോൺ ഗോഡ് എന്ന് കൂടി കൊടുക്കാമായിരുന്നു എന്ന് പിന്നീട് തോന്നി. അങ്ങനെയാണെങ്കിൽ ആളുകൾക്ക് പെട്ടെന്ന് എന്താണെന്നു മനസിലാവുമായിരുന്നു..



***ചോദ്യം: തത്വചിന്തയോടുള്ള താല്പര്യം എങ്ങനെയാണ് വന്നത്. തത്വചിന്ത നോവലിൽ സമന്വയിപ്പിക്കാൻ ആദ്യം തത്വചിന്തയോട് താല്പര്യം വരണമല്ലോ. എങ്ങനെയാണ് അതിന്റെ ഒരു തുടക്കം.***

നമ്മുടെ വായനയുടെ ഒരു പ്രൊഗ്രഷൻ ഉണ്ട്. ചെറുപ്പത്തിൽ കാർട്ടൂൺ ചെറിയ ചെറിയ ചിത്രകഥകൾ. അത് ഫസ്റ്റ് സ്റ്റെപ്പ് ആണ്. കുറച്ചു കഴിഞ്ഞപ്പോൾ അടുത്ത തലം കുറ്റാന്വേഷണ നോവലുകളായിരുന്നു. കോട്ടയം പുഷ്പനാഥ് പോലുള്ളവരുടെ നോവലുകൾ വളരെ ആകാംക്ഷയോടെ വായിച്ചു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ വായന ആരംഭിച്ചു. സഹോദരനാണ് പുസ്തകം കൊണ്ട് വരുന്നത്. ഒരു ദിവസം നോക്കുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ഒരു ഡിറ്റക്ടീവ് നോവൽ ഇല്ല. പകരം ജനപ്രീയ നോവൽ വായിക്കാൻ തുടങ്ങി. പിന്നെ എല്ലാ പുസ്തകങ്ങളും വായിക്കുന്നു. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ലൈബ്രറിയിൽ മെമ്പർഷിപ്പ് എടുത്ത് അവിടെ ഇരിക്കുന്ന എല്ലാ പുസ്തകങ്ങളും വായിക്കും. എഴുത്തുകാരന്റെ പേരിൽ അല്ല പുസ്തകത്തിലായിരുന്നു താൽപര്യം. പെട്ടെന്ന് വായിക്കുന്നു, തിരിച്ചു കൊടുക്കുന്നു. ഇങ്ങനെ ഇങ്ങനെ കടന്നുപോയി.

അപ്പൊ ഇതിനൊരു സീക്വൻസ് ഉണ്ട് ചിത്രകഥയിൽ നിന്ന് അല്ലെങ്കിൽ കാർട്ടൂണുകളിൽ നിന്ന് നമ്മൾ കുറ്റാന്വേഷത്തിലേക്ക് എത്തുന്നു. ജനപ്രിയത്തിലേക്ക് എത്തിക്കുന്നു. പിന്നെ തകഴി, ദേവ് ഇങ്ങനെ കടന്നു പോയിട്ട് ആനന്ദ്, ഓ.വി. വിജയൻ അടുത്ത സീക്വൻസിലേക്ക് വരുന്നു. ഓ.വി.വിജയനെ ഒക്കെ വായിച്ച് ആ വായനയുടെ പുതിയ സംസ്കാര ലഹരി പ്രാപിച്ചു

കഴിഞ്ഞാൽ പിന്നെ തിരിച്ചു വന്നു കൊണ്ട് മുട്ടത്തുവർക്കിയോ കാനത്തെയോ വായിച്ച് ആസ്വദിക്കാൻ പറ്റില്ല. കാരണം പടിപടിയായി ക്ലാസ് ഉയര്ന്നു പോകുന്നതുപോലെ വായനയിൽ ഒരു സഞ്ചാരമുണ്ട്.

തുടർന്ന് ആനന്ദിന്റെ പുസ്തകങ്ങളുടെ വായന. അടുത്ത പടിയായിട്ടാണ് ഫിലോസഫിയിലെ വായന സംഭവിക്കുന്നത്. അതുവരെ ആനന്ദം നൽകിയിരുന്നതിനു അപ്പുറത്ത് ഒരുപാട് ചോദ്യങ്ങൾ കണ്ടെത്തുന്നു. അതുവരെ ചർച്ചിലൊക്കെ പോയി വിശ്വാസത്തിന്റെ രീതിയിൽ നിൽക്കുന്ന ഒരാൾക്ക് അതിനെ നിഷേധിക്കുന്നതിനല്ല, അതിനും അപ്പുറത്തേക്ക് കടന്നുള്ള പൊരുളിലേക്കുള്ള ഒരു തുറവി കിട്ടുകയാണ് .

ചോദ്യങ്ങളുടെ ഉത്തരം എന്താണ് എന്ന അറിവിലാണ് പിന്നെ നമുക്ക് ആനന്ദം. പിന്നെ താഴേക്ക് വന്നിട്ട് കുറ്റാന്വേഷണത്തിൽ ഇതേ ലഹരി ഒരിക്കലും കിട്ടില്ല. എങ്കിലും ബ്രാം സ്റ്റോക്കറുടെ ഡ്രാക്കുള വീണ്ടും അടുത്ത കാലത്ത് വായിച്ചപ്പോൾ അത് അത് എത്ര ഉന്നതമായ ക്ലാസിക് നോവൽ ആണെന്ന് മനസിലായി. ആ കാലഘട്ടത്തിലെ ഏറ്റവും വലിയ സയൻസ് എല്ലാം അതിനകത്ത് കടന്നുവന്ന് മനോഹരമായ ഒരു ക്ലാസിക്. പക്ഷെ കോട്ടയം പുഷ്പനാഥിൽ നിന്ന് ഒരു ക്ലാസിക് വായിക്കാൻ പറ്റില്ല.

യാത്രകളുടെ എത്തിച്ചേരാവുന്ന ഏറ്റവും മീതെയുള്ള സ്റ്റെപ്പാണ് ഫിലോസഫി. അവിടെ എത്തിക്കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ ഈ പൊരുളിന്റെ സത്യത്തെ ചെന്ന് തൊടുന്ന അവസ്ഥയിലേക്ക് എത്തുന്നത്. സയൻസ് ആണ് എന്റെ ഇഷ്ടപ്പെട്ട വിഷയം. ആദ്യകാലത്ത് ഫിലോസഫിയും സയൻസും രണ്ട് വ്യത്യസ്ത സ്ട്രീംസ് ആയി തോന്നും. രണ്ടിലൂടെ നമ്മൾ ഡീപ്പ് ആയി യാത്ര ചെയ്യുമ്പോൾ അവ തമ്മിലുള്ള അകലം കുറയുന്നു. സയൻസും സത്യത്തെയാണ് തേടുന്നത്.

രണ്ടുകൂട്ടരും പൊരുളിനെ തേടി ചെന്ന് കൂട്ടിമുട്ടുന്ന ഒരു പോയിന്റ് ഉണ്ടെന്ന് ബോധ്യപ്പെടുന്ന ഒരു മൊമെന്റ് ഉണ്ട്. അത്തരം മൊമെന്റുകളിലാണ് കൃതികൾ സംഭവിക്കുന്നത്. സയൻസും ഫിലോസഫിയും നോവലിൽ വാരി വലിച്ചു ഇടുകയല്ല. ആന്റി ക്ലോക്ക് എന്നത് ഒരു ശവപ്പെട്ടി കടക്കാരന്റെ ജീവിതമാണ്. എന്താണ് സമയം എന്നതിനെപറ്റിയുള്ള ചിന്തകൾ, ജനന മരണം തുടങ്ങിയവയെ കുറിച്ചുള്ള ധരണകൾ എല്ലാം നാച്ചുറൽ ആയി ആവിഷ്കരിക്കുന്നു.

എന്നെ ഏറ്റവും ആകർഷിക്കുന്നത് ക്വാണ്ടം ഫിസിക്സ് അല്ലെങ്കിൽ ക്വാണ്ടം മെക്കാനിസത്തിലെ അതീതമായ തലങ്ങളിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന ആനന്ദം ആണ്. ഫിലോസഫിയും ഇതു രണ്ടുകൂടി കൂട്ടിമുട്ടുമ്പോൾ അനുഭവിക്കുന്ന തരത്തിലുള്ള ഒരു സന്തോഷം.

ഒരാളോട് സ്നേഹം ഉണ്ടെങ്കിൽ അത് നമ്മൾ ഉള്ളിൽ അനുഭവിക്കുകയല്ലേ ചെയ്യുന്നത്. അത് വാക്കു കൊണ്ട് പറയുന്നതല്ല. എന്ന് പറഞ്ഞതുപോലെ ഒരു അനുഭവതലം ഫിലോസഫിയിലുണ്ട്. സയൻസ് തേടുന്നതും ഇതാണ്. ആ അന്വേഷണത്തിലാണ് എന്നെ സംബന്ധിച്ചിടത്തോളം പുസ്തകങ്ങൾ ഉണ്ടാകുന്നത് .

***ചോദ്യം: മതവിശ്വാസവുമായി ഈ ചിന്താഗതി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്? മതവിശ്വാസം ഈശ്വരവിശ്വാസം ഇതൊക്കെ താങ്കൾക്ക് ഉണ്ടോ? വിശ്വാസിയാണോ?***

തീർച്ചയായിട്ടും. നമ്മൾ പലരും ക്രിസ്ത്യൻ പശ്ചാത്തലത്തിൽ ജനിക്കുന്ന വളരുന്നു. എഞ്ചിനീയറിങ് കഴിയുമ്പോഴും ഞാൻ ചിന്തിച്ചിരുന്നത് ഞങ്ങൾ റോമൻ കത്തോലിക്കർ മാത്രമേ സ്വർഗ്ഗത്തിൽ പോകൂ എന്നാണ്. ദാർശനികതയുടെ റൂട്ടിലൂടെ നമ്മൾ സഞ്ചരിക്കുമ്പോൾ ഈ വിശ്വാസത്തെ ചവിട്ടി പുറത്താക്കേണ്ടതില്ല. നാലാം ക്ലാസ്സിൽ പഠിച്ചത് പത്താം ക്ലാസ്സിൽ വെച്ച് നമ്മൾ നിഷേധിക്കുകയില്ല. പിന്നെയും ഉന്നത ബിരുദങ്ങളുണ്ട്.

മതം ഈ യാത്രയുടെ ആദ്യത്തെ ഏതോ പടികളിൽ മാത്രമേ നിൽക്കുന്നുള്ളൂ. ഇപ്പോ സംഭവിക്കുന്നത് മതത്തിന്റെ പേരിൽ ആചരണങ്ങളെയും അതിനെക്കുറിച്ചുള്ള അഭിമാനങ്ങളെയും ഒക്കെ പെരുപ്പിച്ചു പറയുകയാണ്. അനുഭവത്തിന്റെ തലത്തിൽ ചെന്നെത്താൻ ആവാത്ത വിധത്തിൽ താഴെ എവിടെയോ മനുഷ്യരെ പിടിച്ചിട്ടിരിക്കുകയാണ് ഇപ്പോൾ മതം. യഥാർത്ഥത്തിലുള്ള പൊരുളിനെ തൊട്ടറിയാത്ത ചിലർ ഇത് കൈകാര്യം ചെയ്യുമ്പോൾ അവർ ഇതിനെ ചുരുക്കി ഒരു സ്ഥാപനമാക്കി മാറ്റുകയും ആ സ്ഥാപനത്തിലെ കുറെ അംഗങ്ങളാക്കി മറ്റുള്ളവരെ എപ്പോഴും പിടിച്ചു വെക്കുകയും ചെയ്യുന്നു.

അതുപോലെ വേറൊരു മതമായിട്ട് രാഷ്ട്രീയവും മാറുന്നുണ്ട്. മതത്തെ നിഷേധിക്കുകയല്ല, ഇതിനെ അതിജീവിക്കാൻ കഴിയണം. നിഷേധവും അതിജീവനവും രണ്ടും രണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞു പത്താം ക്ലാസ്സിൽ കടന്നു പോകുന്നത് നാലാം ക്ലാസ്സിനെ നിഷേധിക്കലല്ല.

***ചോദ്യം: ചോരശാസ്ത്രത്തിന്റെ ദേവത സുബ്രഹ്മണ്യൻ ആണെന്ന് പറയുന്നു. ആ അറിവ് ഒരു നോവലാക്കി മാറ്റാം എന്ന ചിന്തയിലേക്ക് എത്തുന്നത് എങ്ങനെയാണ്.***

ചോരശാസ്ത്രം യാദൃച്ഛികമായി സംഭവിച്ചതാണ്. ആ സമയത്ത് ഞാൻ രണ്ടാമത് വേറെ ഒരു നോവൽ എഴുതാൻ തുടങ്ങിയിരുന്നു. ഒരു ആറേഴ് അധ്യായം എഴുതി. എന്റെ പുറപ്പാടിന്റെ പുസ്തകത്തിന് മലയാറ്റൂർ പ്രൈസ് കിട്ടി. ഇങ്ങനെ ഇരിക്കെ എഴുത്തുകാരൻ സേതു പറഞ്ഞു. ജെയിംസേ നമ്മൾ രണ്ടാമത് എഴുതുന്ന കൃതിയായിരിക്കും നമ്മളെ പരീക്ഷിക്കുന്ന കൃതി. ഒന്നാമത്തെ കൃതി

ആർക്കും എഴുതാൻ പറ്റും.

ഇത് എന്റെ ഉള്ളിൽ ആഞ്ഞു തറച്ചു. ഞാൻ അതുവരെ എഴുതിയിരുന്ന ആ ഏഴ് അധ്യായങ്ങൾ മാറ്റി വച്ചു. ഇന്നും അത് ഞാൻ പൂർത്തിയാക്കിയിട്ടില്ല. ഇങ്ങനെ ഇരിക്കുന്ന സമയത്ത് വിഎസ്എസ്സി ലൈബ്രറിയിലെ റെഫറൻസ് ഗ്രന്ഥങ്ങൾ മറിച്ചു നോക്കുമ്പോൾ കണ്ടതാണ്. പുരാതന ഇന്ത്യയിൽ ചോരശാസ്ത്രം എന്ന് പറഞ്ഞ ഒരു ശാസ്ത്രം ഉണ്ടായിരുന്നു എന്നും കനകശക്തി എന്ന ആചാര്യനാണ് അത് എഴുതിയത് എന്നും സുബ്രഹ്മണ്യനാണ് അതിന്റെ ദേവൻ എന്നും. അധികം ഡീറ്റെയിൽസ് ഒന്നുമില്ല.

കളവിനു ശാസ്ത്രം ഉണ്ടോ എന്ന് കൗതുകം. ഇത് വെച്ച് ഒരു നോവൽ എഴുതണമെന്നോ കഥ എഴുതണമെന്നോ കരുതിയില്ല. ആ സമയത്ത് ഒറ്റക്ക് വാടക വീട്ടിൽ. ഒരു വെളുപ്പാൻ കാലത്ത് ആരോ കതക് തുറക്കുന്നത് പോലെ ഒരു ശബ്ദം കേട്ട് ഉണർന്നു. പതുക്കെ നടന്നു ചെന്നിട്ട് വാതിലിലേക്ക് ടോർച്ച് അടിച്ചു. ടോർച്ചിന്റെ വെട്ടവും നടുക്ക് താക്കോൽ ദ്വാരവും കാണുന്നു. ഇത് കണ്ട സമയത്ത് പെട്ടെന്ന് എന്റെ ഉള്ളിലേക്ക് വന്ന് വീണതാണ് നോട്ടം കൊണ്ട് പൂട്ട് തുറക്കുന്ന വിദ്യ. അതുവരെ എന്റെ മനസ്സിന് വന്നിട്ടില്ലാത്ത ഒന്ന് ഫ്ലാഷ് പോലെ അടിക്കുന്നു. ഞാൻ ലൈറ്റ് ഇട്ടു. പുറത്ത് ആരുമില്ല.

ബ്രാഹ്മ മുഹൂർത്തത്തിൽ വിളിച്ചുണർത്തി ചോരശാസ്ത്രത്തിന്റെ വഴി നടത്തിയ അദൃശ്യകാരുണ്യത്തിന് വിനീത പ്രണാമം. ആദ്യത്തെ വരി എഴുതി. തുടർന്ന് കുറച്ച് വരികൾ വരുന്നു. അപ്പൊ എനിക്ക് ഒരു കാര്യം മനസ്സിലായി. ഇത് ഞാനല്ല വാസ്തവത്തിൽ എന്നെ വിളിച്ചു ഉണർത്തിയതാണ്. അങ്ങനെയാണെങ്കിൽ വിളിച്ചുണർത്തിയിട്ടുതന്ന ആ ശക്തി തന്നെയാണ് എന്നെക്കൊണ്ട് എഴുതിക്കുന്നത്. പുറത്തു നിന്ന് ആരോ വന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്.

സുബ്രഹ്മണ്യൻ ജ്ഞാനത്തിന്റെ ദേവതയാണ്. ജ്ഞാനത്തിന്റെ ദേവൻ എങ്ങനെ ഒരു അധർമ്മ കർമ്മത്തിനു ദേവനാകും എന്ന ചിന്ത എന്റെ ഉള്ളിൽ നിറഞ്ഞു. തുടർന്ന് എല്ലാ ദിവസവും ഈ സമയത്ത് തന്നെ എഴുന്നേൽക്കുന്നു. ജ്ഞാനദേവത എന്തുകൊണ്ട് ഒരു ധർമ്മ കർമ്മത്തിനു ദേവനായിരിക്കും എന്നതിന്റെ ഉത്തരം എനിക്ക് കിട്ടണം

എല്ലാ ഉത്തരങ്ങളും മഹാശാസ്ത്രജ്ഞന്മാർക്ക് ഉള്ളിൽ നിന്ന് യാദൃശ്ചികമായിട്ട് വരികയാണ്. എന്ന് പറഞ്ഞ പോലെ എന്റെ ചോദ്യത്തിന്റെ ഉത്തരം കിട്ടുന്നതോടുകൂടിയാണ് ചോരശാസ്ത്ര നോവൽ പൂർണ്ണമാകുന്നത്.

ഓരോ എഴുത്തുകാരനും തന്റെ സ്വന്തം കൃതിയിൽ അഹങ്കരിക്കാൻ ഒന്നുമില്ല. അവ തന്റെ ഉള്ളിലെ സ്രഗ്ഗ ദേവതയുടെ സാക്ഷാത്കാരമാണ് സാധിക്കുന്നത്. എഴുത്തുകാരൻ എന്ന് ഭാവിച്ച് വലിയൊരു ബലൂൺ പോലെ സ്വയം വീർപ്പിച്ചു വെച്ചിരിക്കുന്ന ഒരു ഞാൻ ഉണ്ടെങ്കിൽ പറയാം, അയാൾ അല്ല എഴുതിയത്! ചോരശാസ്ത്രത്തിലെ കള്ളനും ആത്മീയതയുടെ ഒരു കുഴിയിൽ ചെന്ന് വീഴുന്നു. അവസാനം ആ കള്ളന് മനസ്സിലാകുന്നത് ഇതൊന്നും തന്റെതല്ല. എല്ലാവരും എന്റേതാണെന്ന് സ്വയം അഭിമാനിച്ചതുപോലെ ഞാനും അഭിമാനിച്ചു എന്ന് തിരിച്ചറിയുന്ന നിമിഷം

പലരും തെറ്റിദ്ധരിച്ചിട്ടുണ്ട് കള്ളൻ അതിൽ മരിച്ചുപോയി എന്ന്. കള്ളൻ ശരിക്കും മരിക്കുന്നില്ല ഏറ്റവും അവസാനം അത് പറയുന്നുണ്ട്. പത്താം വാതിൽ തുറന്നു കിട്ടിയവൻ ഒൻപത് വാതിലുകളെയും അതിശയിക്കുന്ന കാഴ്ചകൾ കണ്ടു. ആ വാതിൽ തുറന്നു അവൻ രക്ഷപ്പെടുകയാണ്. എന്നിട്ട് ആരുടെയും ഒന്നും ഇനി മോഷ്ടിക്കാൻ ഇല്ലാത്തവന്റെ മനോലാഘവത്തോടെ കള്ളൻ മടങ്ങുന്നു.

ഇനി അവൻ മോഷ്ടാവില്ല. ആരുടെയും ഒന്നും മോഷ്ടിക്കാൻ മാത്രം വിലപിടിപ്പുള്ളതല്ല എന്ന് തിരിച്ചറിവോട് കൂടി ജ്ഞാനദേവതയായ സുബ്രഹ്മണ്യനെ പ്രാർത്ഥിക്കുന്നു. ജ്ഞാനം അവന് കിട്ടുകയാണ്. ഇവിടെയാണ് സുബ്രഹ്മണ്യൻ ഈ ചോരശാസ്ത്രത്തിന്റെ അധിദേവത ആയതിന്റെ രഹസ്യം. സുബ്രഹ്മണ്യന്റെ പേര് സ്കന്ദൻ എന്നാണ്. സ്കന്ദൻ എന്ന് പറഞ്ഞാൽ കവരുന്നവൻ. ശരിക്കും കവരുന്നത് ഞാൻ എന്ന ഭാവമാണ്. ഞാൻ എന്ന കള്ളൻ ഞാൻ എന്ന എഴുത്തുകാരൻ ഞാൻ എന്ന എഞ്ചിനീയർ എന്നൊക്കെ പറഞ്ഞ് ഇങ്ങനെ നിൽക്കുന്ന ഭാഗത്തെ കവർന്നു കഴിഞ്ഞാൽ കിട്ടുന്ന എന്താണോ അതാണ് യഥാർത്ഥത്തിലുള്ള ഞാൻ.

സ്പിരിചാലിറ്റിയിലൂടെയോ അല്ലെങ്കിൽ ഫിലോസഫിയിലൂടെയോ സയൻസിലൂടെയോ ചെല്ലുമ്പോൾ എത്തുന്ന അൾട്ടിമേറ്റ് അവസ്ഥ. ആ അവസ്ഥയിലാണ് കള്ളനെ സുബ്രഹ്മണ്യൻ കൊണ്ടെത്തിക്കുന്നത്.

***ചോദ്യം: ഇത്രയും വലിയ ദാർശനിക ചിന്തകളൊക്കെ ഉൾക്കൊള്ളാനുള്ള കഴിവ് മലയാളിക്ക് ഉണ്ടോ?***

എത്രയൊ പേര് ഉണ്ട്. എങ്ങനെയാണ് 27 പതിപ്പുകളായി നിരീശ്വരൻ വായിച്ചുകൊണ്ടിരിക്കുന്നത്. ചോരശാസ്ത്രം വായിച്ചിട്ട് ഓങ്കോളജിസ്റ്റ് ഡോക്ടർ കുസുമം ഫോൺ വിളിച്ചിരുന്നു. എന്നോട് പറഞ്ഞത് ചോര ശാസ്ത്രം വായിച്ച് അതിന്റെ പൊരുൾ മനസ്സിലാക്കിയ ഒരാൾ പണ്ടേ വായന നിർത്തിയ ആളായിരിക്കും എന്ന്.

എങ്കിലും ഇത് കഥയാണ്. രസിച്ച് വായിച്ചപ്പൊ ആദ്യത്തെ ലെയറിൽ കിടക്കുന്നത് കള്ളന്റെ കഥയാണ്. കള്ളന്റെ വിക്രിയകളും എല്ലാം രസിച്ച് എല്ലാവരും കള്ളനെ ഇഷ്ടപ്പെട്ട് വായിച്ചു പോയിട്ടുണ്ട് ഫസ്റ്റ് ലെയർ. സെക്കൻഡ് ലെയർ അതിൽ മാനുഷിക ഭാവങ്ങൾ ഭൗതിക ഭാവങ്ങളിലേക്ക് കടക്കുന്നു. മൂന്നാമത്തെ ലെയറിൽ സൂക്ഷ്മമായിട്ട്

കിടക്കുന്നതാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഈ മൂന്നാമത്തെ ലെയർ വായിക്കുന്നവർ ഒരുപാട് പേരുണ്ടെന്ന് വരില്ല.

ആഴത്തിലേക്ക് കടക്കുന്ന ചില ആൾക്കാരുണ്ട്. അവർ എന്നെ വിളിക്കും. വിളിച്ചിട്ട് ഞങ്ങൾ സംസാരിക്കുന്നത് വേറൊരു തലത്തിൽ ആയിരിക്കും. ദത്താപഹാരം 20 ൽ ഏറെ തവണ വായിച്ചിട്ടുണ്ടെന്ന് പറഞ്ഞ് കോഴിക്കോട് നിന്ന് വിഷ്ണു എന്നെ ഇടക്കിടക്ക് വിളിക്കാറുണ്ട്.

നമ്മൾ വിചാരിക്കുന്നതുപോലെ അല്ല പല ആൾക്കാരും ഉള്ളിൽ. കാരണം എല്ലാവരും അടിസ്ഥാന സത്യത്തെ അന്വേഷിക്കുന്നവരാണ്. എല്ലാവർക്കും വേണ്ടത് സത്യത്തെയാണ്. അവിടെ എത്താതെ പരിസരത്ത് നിൽക്കുന്ന ഒരാൾ ഈ പുസ്തകം വായിക്കുമ്പോൾ പല സംശയങ്ങൾ ഒഴിഞ്ഞു പോയി എന്ന് വരും.

യുക്തിവാദത്തെ കുറിച്ച് സ്ഥിരമായി ക്ലാസ് എടുക്കാൻ പോകുന്ന ഒരാൾ എന്റെ പുസ്തകങ്ങൾ വായിച്ച ശേഷം ക്ലാസ് എടുക്കാൻ പോകുന്നത് നിർത്തിയെന്ന് പറഞ്ഞു. ഞാൻ ആരെങ്കിലും തെറ്റാണെന്നോ ശരിയാണെന്നോ പറയാനില്ല. ഒന്നിനെയും നിഷേധിക്കുന്നില്ല നിരീശ്വരൻ. അവനവന് ചിന്തിച്ച് ബോധ്യപ്പെട്ട് തീരുമാനം എടുക്കാനുള്ള വഴിയിലാണ് അത് നിർത്തിയിരിക്കുന്നത്. തെറ്റാണെന്ന് തോന്നിയാൽ ഉപേക്ഷിക്കുക. പക്ഷെ ശരിയാണെന്ന് തോന്നിയാൽ നമുക്ക് അക്സെപ്റ്റ് ചെയ്യാതിരിക്കാൻ പറ്റില്ല.

***ചോദ്യം: ഒരുപാട് ഫിലോസഫി പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ? ഏത് രീതിയിലാണ് ഫിലോസഫിയുമായി ഒരു ബന്ധം.***

ഫിലോസഫി ആയി ബന്ധപ്പെട്ട പുസ്തകങ്ങൾ - ഓഷോയുടെ ഒക്കെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്.

ഞാൻ പലപ്പോഴും പറയുന്നത് എഴുതാതിരിക്കാനുള്ള ശ്രമങ്ങളുടെ പരാജയമാണ് എഴുത്ത്. കഴിയുന്നതും എഴുതാതിരിക്കുക, എഴുത്തു വരുമ്പോൾ എഴുതുക. ഇന്ന് നമ്മൾ സയൻസിലൂടെ കണ്ടെത്തുന്ന എല്ലാ കാര്യങ്ങളും പ്രകൃതി എന്നും നടപ്പാക്കി വെച്ചതാണ്. നമ്മൾ വളരെ വൈകി അത് കണ്ടുപിടിക്കുകയാണ്.

നമ്മുടെ ശരീരത്തിലെ ഒരു സെല്ലിനോട് നമ്മൾ എന്തെങ്കിലും പറഞ്ഞിട്ടാണോ അത് പ്രവർത്തിക്കുന്നത്. എത്രയാ ട്രില്ല്യൺ സെൽസ് ഒരേ സമയം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ് നമ്മുടെ ശരീരത്തിൽ. എന്താണ് സെല്ലിനെ പ്രവർത്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ചേതോവികാരം?. നമ്മൾ ചിന്തിക്കുന്നില്ല. നമുക്ക് ചിന്തിക്കേണ്ട കാര്യമില്ല. ഉള്ളിൽ തന്നെ ഇരുന്നിട്ടും എനിക്ക് തിരിച്ചറിയാൻ ആവാത്ത എന്നെ തേടി അത് അനുഭവിക്കുന്നതാണ് യഥാർത്ഥത്തിൽ സ്പിരിചാലിറ്റി എന്ന് പറയുന്നത്.

അതിന് ഉതകുമെങ്കിൽ മാത്രമേ മതം കൊണ്ട് പ്രയോജനം ഉള്ളു.

ഒരു ആറേഴ് മാസം മുൻപ് എന്റെ ശരീരത്തിൽ ഉണ്ടായിരുന്ന ഒറ്റ സെല്ല് പോലും ഇപ്പോൾ എന്റെ ശരീരത്തിലില്ല. അതെല്ലാം മാറി പുതിയത് വന്ന് വന്നുകൊണ്ടിരിക്കും അപ്പൊ ഏഴ് മാസം മുമ്പുള്ള ജെയിംസ് അല്ല ഇപ്പോൾ. ജനിച്ചപ്പോഴുള്ള ജയിംസ് അല്ല ഇപ്പോൾ.

ശരീരം നിരന്തരം മാറിക്കൊണ്ടിരിക്കുമ്പോഴും ജനിച്ചപ്പോൾ മുതൽ എന്നിൽ ഉണ്ടായിരുന്ന മാറാത്ത എന്തോ ഒന്നുണ്ട്. അത് മാറുന്നില്ല. മാറ്റത്തിന് വിധേയമാകാതിരുന്നു കൊണ്ട് എന്നെ അന്ന് മുതൽ പ്രചോദിപ്പിച്ചുകൊണ്ടിരുന്ന അതിനെ അനുഭവിക്കലാണ് സ്പിരിചാലിറ്റി.

***ചോദ്യം: ജോലിയും എഴുത്തും ഫാമിലിയും. ഇതെല്ലാം കൂടെ ഒരുമിച്ച് കൊണ്ടുപോകാൻ എങ്ങനെ കഴിയുന്നു?.***

ചിന്തിക്കുക എന്ന് പറഞ്ഞാൽ നമ്മൾ ഭാരപ്പെട്ട ഒന്നും ചെയ്യുന്നില്ല. സാധാരണ മനുഷ്യനായിട്ട് ജീവിക്കുന്നു. സത്യത്തിൽ ഞാൻ എന്താ എഴുതുന്നതെന്ന് ഭാര്യക്ക് അറിയില്ല. ഞാനും അടുക്കളയിൽ വൈഫിന്റെ കൂടെ സഹായങ്ങൾ ചെയ്യുന്നു. കുട്ടികളുടെ കാര്യങ്ങളും നോക്കുന്നു. ഇപ്പോ നമ്മളീ പറഞ്ഞ സാധമൊന്നും തലയിൽ ഇങ്ങനെ ചുമന്നുകൊണ്ട് നടക്കുന്ന ഒരാളല്ല ഞാൻ. നമ്മുടെ ഉള്ളിൽ തന്നെ ഒരേ സമയം ഭർത്താവ് അച്ഛൻ മകൻ ഒരു സമൂഹജീവി ഒക്കെ ഉണ്ട്.

എഴുത്തിന് ഒരുപാട് കോംപ്രമൈസുകൾ വേണ്ടി വരും. മറ്റുള്ളവർ ആഘോഷമാക്കുന്ന കാര്യങ്ങളിൽ നിന്ന് എനിക്ക് മാറി നിൽക്കേണ്ടി വന്നിട്ടുണ്ട്. പകരം വായനയിലേക്കും എഴുത്തിലേക്കും മാറേണ്ടി വരുന്നു. എന്റെ ലഹരി വായനയും എഴുത്തുമായിരിക്കും. അവർക്ക് മറ്റൊന്നാകും. അത് ശരി ഇത് തെറ്റെന്നും പറയുന്നില്ല.

***ചോദ്യം: ഇതുവരെ ഇറങ്ങിയ ഇറങ്ങിയ പുസ്തകങ്ങളാണോ ഇനി വരാൻ പോകുന്ന പുസ്തകങ്ങളാണോ കൂടുതൽ മികച്ചതാകുക?***

എല്ലാ പുസ്തകങ്ങളും എനിക്ക് തീർച്ചയായിട്ടും ഇഷ്ടമായിരിക്കും. ഇനി ഇറങ്ങാൻ പോകുന്നത് വ്യത്യസ്തമായിരിക്കണം എന്നുള്ള ആഗ്രഹം മനസ്സിലുണ്ട്. അതിനു ഞാൻ തീർച്ചയായിട്ടും ശ്രമം നടത്തും

ഇനി വരുന്നതാണ് നല്ലതെന്നൊക്കെ പറയുന്നത് ഒരു ഈഗോയുടെ പ്രകാശനം മാത്രമായിരിക്കും. അത് വായനക്കാരൻ തീരുമാനിക്കും. ചില കഥകൾ വായിക്കുമ്പോൾ ഇത് കുറച്ചുനാൾ കൂടി എഴുത്തുകാരൻ വെച്ചുകൊണ്ടിരുന്നെങ്കിൽ മെച്ചമായേനെ എന്ന് തോന്നിയിട്ടുണ്ട്.

***ചോദ്യം: എത്ര വയസ്സു വരെ എഴുതാൻ കഴിയും?***

ഒന്നും പറയാൻ പറ്റില്ല. എനിക്ക് യാതൊരു പ്ലാനും പദ്ധതിയും ഇല്ല. നമ്മുടെ കൂടെ നടന്ന ഭയങ്കര മിടുക്കയിരുന്ന ചിലർ പെട്ടെന്ന് അപ്ര




ത്യക്ഷരാകുന്നു. ക്ലെയിംസ് ഒന്നും മനസ്സിൽ കൊണ്ടുനടക്കുന്നതേ ഇല്ല. സംഭവിക്കുന്ന പോലെ സംഭവിക്കട്ടെ എന്ന് പറഞ്ഞ് വിടുന്നു.

ഒ.വി. വിജയൻ അവസാന കാലം വരെ എഴുതുകയുണ്ടായി. പ്രായമായിട്ടും നന്നായി എഴുതുന്ന എത്രയോ നല്ല എഴുത്തുകാരുണ്ട്. പ്രായവും എഴുത്തുമായി ബന്ധം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ക്രിയേറ്റിവിറ്റി ഉള്ള കാലത്ത് എഴുതാൻ ശേഷിയുള്ള കാലത്ത് നല്ല കൃതികൾ എഴുതാനായി ആൾക്കാർക്ക് പറ്റണം, പറ്റുമെന്നാണ് എന്റെ ഒരു തോന്നൽ.

***ചോദ്യം: ഒരു എഴുത്തുകാരനായി എന്നൊരു ബോധ്യം എന്നാണ് വരുന്നത്.***

എഞ്ചിനീയറിങ് കോളേജിൽ പഠിക്കുന്ന സമയത്ത് സംഘം ചേർന്നവരുടെ സങ്കീർത്തനം എന്ന കഥ അവതരിപ്പിച്ചു. അധ്യാപകരടക്കം നല്ല അഭിപ്രായങ്ങൾ പറഞ്ഞു.

പുറപ്പാട് നോവൽ എഴുതാൻ തുടങ്ങി ട്ട് 10 -12 വർഷത്തിന് ശേഷം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ആദ്യം എം ടിക്ക് അയച്ചു കൊടുക്കാൻ ആയി ഒരു കത്ത് എഴുതി. അദ്ദേഹം മാതൃഭൂമി എഡിറ്റർ ആയിരുന്നു. ജെയിംസേ അയച്ചു തരൂ ഞാൻ വായിച്ചു നോക്കാം എന്നു പറഞ്ഞു മറുപടി വന്നു. വായിച്ചു നോക്കിയാൽ തീർച്ചയായിട്ടും പ്രസിദ്ധീകരിക്കും എന്ന് ഉറപ്പായിരുന്നു. പക്ഷേ ആ സമയത്ത് എംടി രാജി വച്ച് പോയി. കുറെ നാൾക്ക് ശേഷം കലാകൗമുദിയിൽ കയറി ചെന്ന് എൻ ആർ എസ് ബാബുവിനു മാനുസ്ക്രിപ്റ്റ് കൊടുത്തു.

ഒരാഴ്ച കഴിഞ്ഞ് അദ്ദേഹം എന്നെ വിളിച്ചു. ഉടനെ പ്രസിദ്ധീകരിക്കാം എന്നറിയിച്ചു. കലാകൗമുദി കത്തി നിൽക്കുന്ന കാലമാണ്. എനിക്ക് ഭയങ്കര സന്തോഷം. എല്ലാവരോടും പറഞ്ഞു. പക്ഷെ ആ സമയത്ത് കലാകൗമുദിക്ക് മാധവക്കുട്ടിയുടെ 'കവാടം' എന്ന നോവൽ കിട്ടി. പ്രശസ്തയായ എഴുത്തുകാരി, സ്വാഭാവികമായി ആദ്യം കൊടുക്കും. അതുകഴിഞ്ഞിട്ട് പിന്നെ കെ മോഹന്റെ നോവൽ.

പുതിയ എഴുത്തുകാരൻ ആയതുകൊണ്ട് മാത്രം എനിക്ക് എൻട്രി കിട്ടാതെ വന്നു. സർവ്വ പ്രതീക്ഷയും നഷ്ടപ്പെട്ടിരിക്കുമ്പോഴാണ് യാദൃശ്ചികമായി ട്രെയിൻ യാത്രക്കിടയിൽ ആരോ വായിച്ചിട്ട് ഇട്ടിട്ട് പോയ ഒരു പത്രം മറിച്ച് നോക്കിയത്. ഡിസി ബുക്സ് രജത ജൂബിലി പ്രമാണിച്ചു നോവൽ മത്സരം നടത്തുന്നു. 40 വയസ്സിൽ താഴെയുള്ളവർക്ക് വേണ്ടി. അങ്ങനെ ഞാൻ ഇത് അയച്ചു കൊടുത്തു. അതിനു സമ്മാനം ലഭിച്ചു.

അരുന്ധതി റോയി ആണ് അവാർഡ് തന്നത്. എന്റെ മാനസ ഗുരുവായിരുന്ന ഒവി വിജയൻ രൂപകലപന ചെയ്ത ശില്പമാണ് കിട്ടിയത്. വേദിയിൽ മലയാളത്തിലെ എല്ലാ പ്രശസ്ത എഴുത്തുകാരും ഉണ്ട്.

അക്ഷരത്തിന്റെ കരുത്തുകൊണ്ട് സ്വയം സംഭവിക്കട്ടെ എന്ന് വിചാരിച്ചതുപോലെ തന്നെ ഈ അക്ഷരം എന്നെ ഉയരത്തിലേക്ക് എടുക്കുകയാണ്. അപ്പോഴാണ് എഴുത്തുകാരനായി മാറി എന്നുള്ളത് അറിയുന്നത്.

മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിൽ അവാർഡ് ഫോട്ടോ വന്നു. അതുവരെയുള്ള തിരസ്കാരങ്ങളും പ്രയത്നങ്ങളും ഫലമണിഞ്ഞു. അന്ന് എനിക്കൊരു കാര്യം മനസ്സിലായി. അക്ഷരം പ്രവർത്തിക്കും. അക്ഷരത്തിന് അത് വിട്ടു കൊടുത്തേക്കുക. അക്ഷരത്തിന് ശക്തിയുണ്ടെങ്കിൽ അത് സ്വയം തീരുമാനിക്കുകയും സഞ്ചരിക്കുകയും ചെയ്യും. ഇത് മൂഢവിശ്വാസം എന്ന് ചിലർ പറയുമായിരിക്കും.

***ചോദ്യം: ഇവിടെ മലയാളത്തിൽ അല്ലാതെ എഴുതുന്ന മലയാളികളുണ്ട്. പ്രത്യേകിച്ച് ഡോക്ടർ എബ്രഹാം വർഗീസ്. മലയാള ഭാഷയിൽ എഴുതിയാൽ മാത്രമേ മലയാള സാഹിത്യം ആകുകയുള്ളോ, അതൊ മലയാളി എഴുതിയാൽ മതിയോ.***

എനിക്ക് തോന്നുന്നു ഇനിയുള്ള കാലത്ത് നമുക്ക് ഇങ്ങനെ മലയാള സാഹിത്യം, ഇംഗ്ലീഷ് സാഹിത്യം എന്നൊന്നും പറയാൻ പറ്റുമെന്ന് തോന്നുന്നില്ല. മലയാളത്തിൽ എത്രയോ ഇംഗ്ലീഷ് പദങ്ങളുണ്ട്.

മലയാളത്തിൽ -എഴുതുന്നത് തന്നെയാണ് മലയാളം എഴുത്ത് എന്ന് നമുക്ക് നിർബന്ധം പിടിക്കേണ്ടത് ഇല്ല. ഇനി ഉള്ള കാലം നടക്കുകയുമില്ല. കാരണം ഇവിടെ പുതിയ തലമുറയിലെ കുട്ടികൾ എല്ലാം സംസാരിക്കുന്നത് ഇംഗ്ലീഷിലാണ്. പക്ഷെ വീട്ടിൽ മലയാളം സംസാരിക്കുന്നുണ്ടാവും. പക്ഷെ എഴുതാനായി അവർക്ക് സാധിച്ചെന്നു വരില്ല. അതിനെ നമ്മൾ മലയാളം എഴുത്തല്ലെന്ന് എങ്ങനെ പറയാൻ പറ്റും. അങ്ങനത്തെ വിഭജനങ്ങൾ ഒക്കെ അസ്തമിച്ചു പോകുമെന്ന് എനിക്ക് തോന്നുന്നു. മറ്റു ഭാഷകളെയും മലയാളം അംഗീകരിക്കേണ്ടി വരും.

# JOHN ISAAC

FOR NY STATE ASSEMBLY

**PUBLIC SAFETY | EDUCATION**
**YONKERS FIRST | AFFORDABILITY**



(914) 350-0590

VOTEJOHNISAAC.COM

**VOTE NOVEMBER 3, 2026**





# കോശി ഒ. തോമസിന്റെ ജന്മദിനം ന്യൂയോർക്കിൽ സുഹൃത്തുക്കളും സാമൂഹിക നേതാക്കളും ചേർന്ന് ആഘോഷിച്ചു

ന്യൂയോർക്ക്: സാമൂഹിക - രാഷ്ട്രീയ പ്രവർത്തകനായ കോശി ഒ. തോമസിന്റെ ജന്മദിനത്തോടനുബന്ധിച്ച് ന്യൂയോർക്കിലെ സാന്തൂർ റെസ്റ്റോറന്റിൽ സാമൂഹിക നേതാക്കളും ദീർഘകാല സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഒത്തുചേർന്നു. സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഒത്തൊരുമയുടെയും സന്ദേശം ഉയർത്തിപ്പിടിച്ചായിരുന്നു സംഗമം.

അദ്ദേഹത്തിന്റെ ദീർഘകാല സുഹൃത്തുക്കളെ ഒരുമിച്ചുകൂട്ടി സംഗമത്തിന് നേതൃത്വം നൽകിയത് രാജു വർഗീസ് എബ്രഹാമും വി.എം. ചാക്കോയുമാണ്.

സുഹൃത്തുക്കളെ ഒരുമിച്ചുകൂട്ടിയതിന് രാജു വർഗീസ് എബ്രഹാമിനും വി.എം. ചാക്കോയ്ക്കും കോശി നന്ദി പറഞ്ഞു. ഇത്തരം കൂടിച്ചേരലുകൾ വിവിധ മേഖലകളിലുള്ളവർക്ക് പരസ്പരം കാണാനും ആശയങ്ങൾ പങ്കുവയ്ക്കാനും ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും അവസരമൊരുക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സമൂഹത്തിന്റെ പുരോഗതിക്കായി എല്ലാവരും തുടർന്നും ഒരുമിച്ച് പ്രവർത്തിക്കുമെന്ന പ്രതീക്ഷയും അദ്ദേഹം പ്രകടിപ്പിച്ചു.



ജീവിതാനുഭവങ്ങളിൽ നിന്ന് താൻ പഠിച്ച ഏറ്റവും വിലപ്പെട്ട പാഠങ്ങളിലൊന്ന് സംയമനത്തിന്റെ പ്രാധാന്യമാണെന്ന് കോശി പറഞ്ഞു.

'കോപത്തിലായിരിക്കുമ്പോൾ ഉടൻ തീരുമാനമെടുക്കുന്നത് ഒരിക്കലും ബുദ്ധിപരമല്ല. അൽപ്പ സമയം കാത്തിരുന്നാൽ പല കാര്യങ്ങളും ശാന്തമാകും. അപ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമായി കാണാനും ശരിയായ തീരുമാനം എടുക്കാനും കഴിയും. സംയമനം പാലിക്കുന്നത് ജീവിതത്തിൽ ഏറെ സഹായിച്ചിട്ടുണ്ട്,' അദ്ദേഹം പറഞ്ഞു.

പ്രതികരിക്കുന്നതിന് പകരം ചിന്തിച്ച് തീരുമാനമെടുക്കുക എന്നത് തന്റെ ജീവിതത്തിലെ പ്രധാന തത്വമായി തുടരുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോശി ഒ. തോമസിനെ 'കാഴ്ചപ്പാടും സത്യസന്ധതയും കഠിനാധ്വാനം ചെയ്യാൻ മനസ്സുമുള്ള വ്യക്തി' എന്നാണ് സുഭാഷ് കപാഡിയ വിശേഷിപ്പിച്ചത്. സമൂഹത്തിന് അദ്ദേഹം നൽകിയ സംഭാവനകളെയും സുഭാഷ് അഭിനന്ദിച്ചു.

ഹേമന്ത് ഷാ, ഡോ. ഹരി ശുക്ല, അശോക് ജെയിൻ, ജോർജ് എബ്രഹാം, വിനോദ് പട്ടേൽ, അലക്സ് എസ്തപ്പൻ, ഡിൻസിൽ ജോർജ്, രവി എസ്., ലോണ ജോർജ്, വനിത രവി, ഉജ്വല മോസസ്, ഉഷ ജോർജ്, ജോർജ് പറമ്പിൽ, ജോർജ് ചാക്കോ, തങ്കമ്മ എബ്രഹാം, ഡോ. ലിസി ചാക്കോ, ഏലിയാമ്മ അപ്പുക്കുട്ടൻ, വി.എം. ചാക്കോ, രാജു വർഗീസ് എബ്രഹാം, ഷാജി എണ്ണശ്ശേരിൽ, ഫർഹാദ് ഹസാരി എന്നിവരുൾപ്പെടെയുള്ള ദീർഘകാല സുഹൃത്തുക്കളും സഹപ്രവർത്തകരും സംഗമത്തിൽ പങ്കെടുത്തു.

കോശിയുടെ നേതൃത്വപാടവം, സ്ഥിരോത്സാഹം, ദീർഘകാലത്തെ സാമൂഹിക സേവനം എന്നിവയെക്കുറിച്ച് നിരവധി പേർ സംസാരിച്ചു. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നപ്പോഴും പരസ്പര ബഹുമാനവും സൗഹൃദവും നിലനിർത്താൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ബന്ധങ്ങളുടെ പ്രത്യേകതയാണെന്നും സുഹൃത്തുക്കൾ പറഞ്ഞു.

മൂന്ന് പതിറ്റാണ്ടിലേറെയായി ന്യൂയോർക്കിലെ ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിന്റെ സാമൂഹിക, സാംസ്കാരിക, സംഘടനാ മേഖലകളിൽ കോശി സജീവമാണ്.

ഫ്ലോറൽ പാർക്ക് ബെൽറോസ് ഇന്ത്യൻ മർച്ചന്റ്സ് അസോസിയേഷന്റെ രൂപീകരണത്തിലും പ്രവർത്തനങ്ങളിലും അദ്ദേഹം നേതൃനിരയിൽ ഉണ്ടായിരുന്നു. നിലവിൽ സംഘടനയുടെ ചെയർമാനാണ്. ക്വീൻസ്, ന്യൂയോർക്ക് ഇന്ത്യ ഡേ പരേഡിലും നിരവധി സാമൂഹിക സംരംഭങ്ങളിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

കേരളത്തിൽ ജനിച്ച കോശി തന്റെ ബാല്യത്തിന്റെയും വിദ്യാഭ്യാസ കാലഘട്ടത്തിന്റെയും വലിയൊരു ഭാഗം ചെന്നൈയിൽ, ചെലവഴിച്ചു. നിയമപഠന പശ്ചാത്തലവും പൊതുപ്രവർത്തനത്തോടുള്ള താൽപര്യവുമുള്ള അദ്ദേഹം 1993ൽ അമേരിക്കയിലെത്തി. തുടർന്ന് ന്യൂയോർക്കിലെ സാമൂഹിക, പൊതുപ്രവർത്തന രംഗങ്ങളിൽ സജീവമായി. 2021ൽ ന്യൂയോർക്ക് സിറ്റി കൗൺസിലിലേക്കുള്ള ഡെമോക്രാറ്റിക് പ്രൈമറിയിൽ മത്സരിക്കുകയും ചെയ്തു.

'എവിടേക്ക് താമസം മാറിയാലും നിങ്ങളുടെ മൂല്യങ്ങളിൽ



മാറ്റം വരരുത്,' തന്റെ ജീവിതത്തെ നയിച്ച തത്വം വിശദീകരിച്ചുകൊണ്ട് കോശി പറഞ്ഞു.

'സമൂഹത്തെ സേവിക്കുന്നതാണ് യഥാർത്ഥമായ ആരാധന' എന്ന വിശ്വാസവും തന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രചോദനമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു വ്യക്തിയുടെ ജന്മദിനം ആഘോഷിക്കുന്നതിലുപരി, ദീർഘകാല സൗഹൃദങ്ങൾ പുതുക്കാനും അഭിപ്രായവ്യത്യാസങ്ങൾക്കിടയിലും ഐക്യം ഊട്ടിയുറപ്പിക്കാനും വർഷങ്ങളായുള്ള ജീവിത-സാമൂഹിക പ്രവർത്തനാനുഭവങ്ങളിൽനിന്നുള്ള പാഠങ്ങൾ പങ്കുവയ്ക്കാനുമുള്ള അവസരമായി ഈ ഒത്തുചേരൽ മാറി.




















emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# ഫൊക്കാനയും മലയാള സർവകലാശാലയും കൈകോർക്കുന്നു;

## അമേരിക്കയിൽ മലയാളികൾക്കായി രചനാ പഠന പദ്ധതി



ജിജി ടോം / അക്ഷര

തിരൂർ: മലയാളം സർവ്വകലാശാലയും ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയും ചേർന്ന് പദ്ധതികൾക്ക് തുടക്കമിടുന്നു.

ഫൊക്കാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ഫിലിപ്പോസ് ഫിലിപ്പിന്റെ ആദ്യ കേരള സന്ദർശനത്തിൽ സുപ്രധാനമായ തീരുമാനത്തിന് തുടക്കം കുറിച്ചത്. അമേരിക്കൻ മലയാളി എഴുത്തുകാർക്കും സാഹിത്യ രചനയിൽ താല്പര്യമുള്ളവർക്കും മലയാള ഭാഷയിലും സാഹിത്യത്തിലും രചനാ ശൈലി ഒരുക്കുന്നതിന്റെ ഭാഗമായി മലയാള സർവകലാശാലയുടെ സാഹിത്യ രചന സർട്ടിഫിക്കറ്റ് കോഴ്സ് അമേരിക്കയിലും ആരംഭിക്കുന്നതിനുള്ള ചർച്ചകൾക്കാണ് അദ്ദേഹം തുടക്കമിട്ടത്. ഫൊക്കാനയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ ദിവസം മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സി ആർ പ്രസാദുമായി നടന്ന ചർച്ചയിലാണ് പദ്ധതിക്ക് തുടക്കമിടാൻ തീരുമാനിച്ചത്.

അമേരിക്കയിലെ മലയാളി എഴുത്തുകാർക്കും സാഹിത്യത്തിൽ താൽപര്യമുള്ളവർക്കുമായി സമകാലിക സാഹിത്യരചനയെ പരിചയപ്പെടുത്തുന്ന കോഴ്സ് ആരംഭിക്കാനാണ് ആലോചിക്കുന്നത്. എഴുത്തുകാർക്ക് മാത്രമല്ല, സാഹിത്യത്തിൽ താൽപര്യമുള്ള സാധാരണക്കാർക്കും കോഴ്സിൽ പങ്കെടുക്കാം. ഓൺലൈൻ

സംവിധാനത്തിലൂടെ, പ്രത്യേകിച്ച് സൂം മീറ്റിംഗുകൾ വഴി ക്ലാസുകൾ സംഘടിപ്പിച്ച് സർട്ടിഫൈഡ് കോഴ്സായി ഇത് വികസിപ്പിക്കാനാകുമെന്ന് വൈസ് ചാൻസലർ ഡോ. സി. ആർ. പ്രസാദ് അറിയിച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും.

കൂടാതെ സർവകലാശാലയുടെ വിവിധ അക്കാദമിക് പ്രവർത്തനങ്ങളിൽ അമേരിക്കൻ മലയാളി എഴുത്തുകാർ , വിവിധ രംഗങ്ങളിൽ പ്രശോഭിക്കുന്നവർ എന്നിവരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കും. ഇതിനായി പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ധാരണാപത്രം 2027 ജനുവരി ആദ്യവാരം ഒപ്പുവെയ്ക്കും. മലയാളം സർവ്വകലാശാല രജിസ്ട്രാർ ഇൻ ചാർജ് ഡോ. എം ജി മല്ലിക, ഐ ക്യൂ എ.സി ഡയറക്ടർ ഡോ. ജി സജിന, ഡോ ആർ വിദ്യ, ഡോ. എ അൻവർ, കെ.പി രാമനുണ്ണി, മാധ്യമ പ്രവർത്തകൻ അനിൽ പെണ്ണുക്കര, ബി ഹരികുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.









emalayalee.com



# ഇന്ത്യൻ തിരഞ്ഞെടുപ്പ് സംവിധാനം ജനാധിപത്യത്തെ ശ്വാസംമുട്ടിക്കുകയാണോ?



ജോർജ്ജ് എബ്രഹാം

കഴിഞ്ഞ ജനുവരിയിൽ കേരളത്തിലായിരുന്നപ്പോൾ എന്നെ അമ്പരപ്പിക്കുകയും അസ്വസ്ഥനാക്കുകയും ചെയ്ത ഒരു നോട്ടീസ് ലഭിച്ചു. ആവശ്യമായ രേഖകളുമായി വില്ലേജ് ഓഫീസിൽ നേരിട്ട് ഹാജരായി, വോട്ടറായി തുടരാനുള്ള എന്റെ യോഗ്യത തെളിയിച്ചില്ലെങ്കിൽ വോട്ടർപട്ടികയിൽ നിന്ന് എന്റെ പേര് നീക്കം ചെയ്യപ്പെടാമെന്നായിരുന്നു അറിയിപ്പ്. കഴിഞ്ഞ മൂന്നോ നാലോ തുടർച്ചയായ തിരഞ്ഞെടുപ്പുകളിൽ യാതൊരു പ്രശ്നവുമില്ലാതെ ഞാൻ വോട്ട് ചെയ്തിരുന്നുവെന്നതിനാൽ ഈ അറിയിപ്പ് എനിക്ക് ഏറെ വിചിത്രമായി തോന്നി. പെട്ടെന്ന്, ഒരു വോട്ടറായി തുടരാൻ തനിക്ക് അവകാശമുണ്ടെന്ന് വീണ്ടും തെളിയിക്കേണ്ട സാഹചര്യം എങ്ങനെ ഉണ്ടായി എന്നത് എന്നെ അത്ഭുതപ്പെടുത്തി.

ഒരു പ്രവാസി ഇന്ത്യക്കാരനായതിനാൽ, സമാനമായ നോട്ടീസുകൾ ലഭിച്ച ആയിരക്കണക്കിന് ആളുകളെക്കുറിച്ചായിരുന്നു എന്റെ ഉടനെയുള്ള ആശങ്ക. ഈ നോട്ടീസുകൾ വിതരണം ചെയ്ത സമയത്ത് പല പ്രവാസികളും കേരളത്തിൽ ഉണ്ടായിരുന്നിരിക്കണമെന്നില്ല. വോട്ട് ചെയ്യുന്നതിനായി മാത്രം നാട്ടിലെത്തുന്ന നിരവധി പ്രവാസികളുണ്ട്. തങ്ങളുടെ പേരുകൾ വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിനായി അടയാളപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം പലർക്കും വളരെ വൈകിയേ അറിയാനാകൂ. എന്റെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമുണ്ടെന്ന് പറയാനാകില്ല. എന്നാൽ, മതിയായ ജാഗ്രതയും സുതാര്യതയും ഇല്ലാതെ ഇത്തരം ഒരു നടപടിക്രമം നടപ്പാക്കിയാൽ, തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനുള്ള അടിസ്ഥാന അവകാശം അർഹരായ വോട്ടർമാർക്ക് നഷ്ടപ്പെടാൻ ഇടയുണ്ടോ എന്ന ചിന്ത തീർച്ചയായും എന്നിലുണ്ടായി.

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനും 'സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ' (SIR) എന്നറിയപ്പെടുന്ന പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന കാര്യങ്ങളാണ് എന്റെ വ്യക്തിപരമായ അനുഭവത്തിന് കൂടുതൽ പ്രസക്തി നൽകുന്നത്.

‘ദി ഇന്ത്യൻ എക്സ്പ്രസ്’ റിപ്പോർട്ട് പ്രകാരം, 2025 ജൂണിൽ ബിഹാറിൽ ആരംഭിച്ച SIR നടപടിയുടെ ഭാഗമായി 30 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 13 കോടിയിലധികം പേരുകൾ ഇതിനകം ഡ്രാഫ്റ്റ് വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. ഇവ ഡ്രാഫ്റ്റ് പട്ടികയിൽ നിന്നുള്ള നീക്കങ്ങളാണെന്നും അവകാശവാദങ്ങളും തിരുത്തലുകളും ഉന്നയിക്കാനുള്ള അവസരം നടപടിക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രത്യേകം പറയേണ്ടതുണ്ട്. എന്നിരുന്നാലും, ഇത്രയും വലിയ തോതിലുള്ള പേരുനീക്കം തിരഞ്ഞെടുപ്പ് നടപടിയിലുള്ള ജനങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിൽ താൽപര്യമുള്ള ഏവരെയും ആശങ്കപ്പെടുത്തേണ്ടതാണ്.

ഡോ. ശശി തരൂർ അടുത്തിടെ എഴുതിയ ഒരു ലേഖനത്തിൽ ഡൽഹിയിലെ അസാധാരണമായ സാഹചര്യം ചൂണ്ടിക്കാട്ടി. ഏകദേശം 1.45 കോടി രജിസ്റ്റർ ചെയ്ത വോട്ടർമാരുള്ള ഡൽഹിയിൽ, ‘ഹാജരില്ലാത്തവർ’, ‘സ്ഥലം മാറിയവർ’, ‘മരിച്ചവർ’, ‘ഡ്യൂപ്ലിക്കേറ്റ്’ തുടങ്ങിയ വിഭാഗങ്ങളിലായി ഏകദേശം 47.5 ലക്ഷം പേരെ നീക്കം ചെയ്യുന്നതിനായി അടയാളപ്പെടുത്തിയിരുന്നു. മറ്റൊരു 33.13 ലക്ഷം പേരെ വിവിധ തരത്തിലുള്ള പൊരുത്തക്കേടുകൾക്കായി അടയാളപ്പെടുത്തുകയും ചെയ്തു. അതായത്, ഡൽഹിയിലെ നിലവിലെ വോട്ടർമാരിൽ പകുതിയിലധികം പേരെയും ഡ്രാഫ്റ്റ് പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയോ അവരുടെ വോട്ടർപദവി തെളിയിക്കുകയോ തിരുത്തുകയോ ചെയ്യേണ്ട സാഹചര്യമുണ്ടായി.

വോട്ടർപട്ടിക ശുദ്ധീകരിക്കുന്നതിനെ എതിർക്കാൻ ന്യായമായ കാരണമില്ല. മരിച്ചവരുടെ പേരുകൾ നീക്കം ചെയ്യണം. ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷനുകൾ സത്യസന്ധമായ തിരഞ്ഞെടുപ്പിൽ ഉണ്ടാകാൻ പാടില്ല. സ്ഥിരമായി താമസം മാറിയവരുടെ വിവരങ്ങളും ശരിയായി രേഖപ്പെടുത്തണം. എന്നാൽ വോട്ടർപട്ടിക ശുദ്ധീകരിക്കുന്നതും ലക്ഷക്കണക്കിന് അർഹരായ പൗരന്മാരെ വോട്ടവകാശം നഷ്ടപ്പെടുന്ന അപകടത്തിലാക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. രോഗത്തേക്കാൾ ചികിത്സ മോശമാകാതിരിക്കാൻ ഉറപ്പാക്കേണ്ട വലിയ ഉത്തരവാദിത്വമാണ് തിരഞ്ഞെടുപ്പ് കമ്മീഷനുള്ളത്.

പശ്ചിമ ബംഗാൾ ഈ പ്രശ്നത്തിന്റെ ശ്രദ്ധേയമായ ഒരു ഉദാഹരണമാണ്. SIR നടപടിയുടെ ഭാഗമായി 27.16 ലക്ഷം വോട്ടർമാരെ നീക്കം ചെയ്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അടുത്തിടെ സുപ്രീം കോടതിയെ അറിയിച്ചു. ഇവരിൽ 22 ലക്ഷത്തിലധികം പേർ തങ്ങളെ വീണ്ടും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് അപ്പീൽ നൽകിയിരുന്നു. കമ്മീഷൻ കോടതിയിൽ സമർപ്പിച്ച വിവരങ്ങൾ അനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പിന് മുമ്പ് വോട്ട് ചെയ്യാൻ തക്ക സമയത്ത് 1,607 വോട്ടർമാരുടെ പേരുകൾ മാത്രമേ പുനഃസ്ഥാപിച്ചിട്ടുള്ളൂ.

സോഫ്റ്റ്‌വെയർ കണ്ടെത്തിയ ‘ലോജിക്കൽ ഡിസ്ക്രിപ്പൻസീസ്’ ഉൾപ്പെട്ട പശ്ചിമ ബംഗാളിലെ ഏകദേശം 82,000 കേസുകളിൽ 91 ശതമാനവും പരിശോധനയ്ക്ക് ശേഷം വോട്ടർ പട്ടികയിലേക്ക് തിരിച്ചെടുത്തതായി വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നുണ്ടെന്നും തരൂർ തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ ശതമാനം മുഴുവൻ SIR നടപടിയുടെ പ്രതിഫലനമാണെങ്കിലും അല്ലെങ്കിലും, ഒരു പൗരന്റെ വോട്ടവകാശം പോലുള്ള വിലയേറിയ ഒന്നിൽ തീരുമാനമെടുക്കുമ്പോൾ കമ്പ്യൂട്ടർ നിർമ്മിത

വോട്ടർപട്ടിക ശുദ്ധീകരിക്കുന്നതിനെ എതിർക്കാൻ ന്യായമായ കാരണമില്ല. മരിച്ചവരുടെ പേരുകൾ നീക്കം ചെയ്യണം. ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷനുകൾ സത്യസന്ധമായ തിരഞ്ഞെടുപ്പിൽ ഉണ്ടാകാൻ പാടില്ല. സ്ഥിരമായി താമസം മാറിയവരുടെ വിവരങ്ങളും ശരിയായി രേഖപ്പെടുത്തണം. എന്നാൽ വോട്ടർപട്ടിക ശുദ്ധീകരിക്കുന്നതും ലക്ഷക്കണക്കിന് അർഹരായ പൗരന്മാരെ വോട്ടവകാശം നഷ്ടപ്പെടുന്ന അപകടത്തിലാക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. രോഗത്തേക്കാൾ ചികിത്സ മോശമാകാതിരിക്കാൻ ഉറപ്പാക്കേണ്ട വലിയ ഉത്തരവാദിത്വമാണ് തിരഞ്ഞെടുപ്പ് കമ്മീഷനുള്ളത്.





**മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ എസ്. വൈ. ഖുറൈഷിയും ഇത്രയും പഴയ വോട്ടർ പട്ടികകളെ അമിതമായി ആശ്രയിക്കുന്നതിന്റെ യുക്തിയെ ചോദ്യം ചെയ്തിട്ടുണ്ട്. 2002-ലെ പട്ടികയിൽ സ്വന്തം പിതാവിന്റെ പേരുപോലും തെറ്റായാണ് രേഖപ്പെടുത്തിയിരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.**

വൈരുദ്ധ്യങ്ങളെയും പഴയ ഡാറ്റാബേസുകളെയും അമിതമായി ആശ്രയിക്കുന്നതിന്റെ അപകടത്തെ അത് സൂചിപ്പിക്കുന്നു.

മറ്റൊരു ആശങ്ക, SIR നടപടിക്രമങ്ങളിൽ 2002-ലെ അല്ലെങ്കിൽ രണ്ടായിരങ്ങളുടെ തുടക്കത്തിലെ വോട്ടർ പട്ടികകളെ പ്രധാന റഫറൻസായി ഉപയോഗിക്കുന്നതാണ്. ഇരുപത്തഞ്ചു വർഷം മുമ്പ് ഇന്ത്യയിൽ രേഖകൾ എങ്ങനെ സൂക്ഷിച്ചിരുന്നുവെന്ന് അറിയാവുന്ന ആർക്കും ഇതിലെ പ്രശ്നം മനസ്സിലാകും. പേരുകളുടെ അക്ഷരത്തെറ്റുകൾ, ഇനിഷ്യലുകൾ ഒഴിവാക്കൽ, അപൂർണ്ണമായ വിലാസങ്ങൾ, തെറ്റായ ബന്ധങ്ങൾ എന്നിവ സാധാരണമായിരുന്നു. കുടുംബങ്ങൾ താമസം മാറി, സ്ത്രീകൾ വിവാഹം കഴിഞ്ഞ് പുതിയ ഇടങ്ങളിലേക്ക് പോയി, ദശലക്ഷക്കണക്കിന് ആളുകൾ ഇന്ത്യയ്ക്കുള്ളിലും വിദേശത്തേക്കും കുടിയേറി.

മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ എസ്. വൈ. ഖുറൈഷിയും ഇത്രയും പഴയ വോട്ടർ പട്ടികകളെ അമിതമായി ആശ്രയിക്കുന്നതിന്റെ യുക്തിയെ ചോദ്യം ചെയ്തിട്ടുണ്ട്. 2002-ലെ പട്ടികയിൽ സ്വന്തം പിതാവിന്റെ പേരുപോലും തെറ്റായാണ് രേഖപ്പെടുത്തിയിരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

അതുകൊണ്ട്, വോട്ടർ പട്ടിക പുതുക്കണമോ വേണ്ടയോ എന്നത് മാത്രമല്ല ഇവിടെ പ്രശ്നം. തീർച്ചയായും അത് പുതുക്കണം. പ്രശ്നം ആ തിരുത്തൽ എങ്ങനെ നടത്തുന്നു എന്നതും, തെളിവ് നൽകേണ്ട ബാധ്യത ആരുടെ തലയിലാണ് വരുന്നത് എന്നതുമാണ്. തുടർച്ചയായി വോട്ട് ചെയ്തുകൊണ്ടിരിക്കുന്ന ഒരു പൗരൻ, 25 വർഷം പഴക്കമുള്ള ഡാറ്റാബേസിൽ ഒരു അക്ഷരത്തെറ്റുള്ളതുകൊണ്ട് പെട്ടെന്ന് ഉദ്യോഗസ്ഥരുടെ ചുവപ്പുനാടയിൽ കുടുങ്ങരുത്.

കേരളത്തിലെ എന്റെ സ്വന്തം അനുഭവം എന്നെ അസ്വസ്ഥനാക്കിയതും അതുകൊണ്ടാണ്. ഞാൻ തുടർച്ചയായി വോട്ട് ചെയ്തിരുന്നു, എന്നിട്ടും എന്റെ അർഹത തെളിയിക്കാൻ വീണ്ടും എന്നോട് ആവശ്യപ്പെട്ടു. ഭാഗ്യവശാൽ ഞാൻ ആ സമയത്ത് കേരളത്തിൽ ഉണ്ടായിരുന്നു, അതിനാൽ മറുപടി നൽകാൻ കഴിഞ്ഞു. എന്നാൽ പല പ്രവാസികൾക്കും ആ അവസരം ലഭിച്ചേക്കില്ല.

തിരഞ്ഞെടുപ്പ് കമ്മീഷനുള്ളിൽ നിന്നുതന്നെ ഉയർന്ന വെളിപ്പെടുത്തലുകളോടെ ഈ തർക്കം കൂടുതൽ ഗൗരവമുള്ള ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്.

തങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ പുറപ്പെടുവിച്ച തീരുമാനങ്ങളെയും ഉത്തരവുകളെയും കുറിച്ച് ഇലക്ഷൻ കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും വിവേക് ജോഷിയും പത്ത് മാസത്തിനിടെ കുറഞ്ഞത് 14 തവണയെങ്കിലും എതിർപ്പുകൾ രേഖപ്പെടുത്തിയതായി 'ദി ഇന്ത്യൻ എക്സ്പ്രസ്' നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. പുതിയ വോട്ടർ രജിസ്ട്രേഷനുകൾ, വോട്ടർ പട്ടികയിൽ നിന്നുള്ള ഒഴിവാക്കലുകൾ, ഫോം 6-ൽ വരുത്തിയ മാറ്റങ്ങൾ, വോട്ടർ പട്ടിക ഡാറ്റാബേസുകളുടെ കേന്ദ്രീകരണം എന്നിവയെക്കുറിച്ചായിരുന്നു ഇവരുടെ ആശങ്കകൾ. ചില മാറ്റങ്ങളെ 'അധികാരപരിധിക്ക് പുറത്തുള്ളത്' എന്നും 'നിയമവിരുദ്ധം' എന്നുമാണ് അവരുടെ എതിർപ്പുകളിൽ വിശേഷിപ്പിച്ചത്.

ഈ സംഭവവികാസത്തെ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള മറ്റൊരു തർക്കമായി എളുപ്പത്തിൽ തള്ളിക്കളയാനാവില്ല. തിരഞ്ഞെടുപ്പ് കമ്മീഷനിലെ മൂന്ന് അംഗങ്ങളിൽ രണ്ടുപേരിൽ നിന്നാണ് ഈ ആശങ്കകൾ ഉയർന്നത്.

കൂടാതെ, കമ്മീഷണർമാർ

ഉന്നയിച്ച വിഷയങ്ങളിലൊന്ന് വോട്ടർ ഡാറ്റാബേസുകളുടെ നിയന്ത്രണം കേന്ദ്രീകരിക്കുന്നതിനെക്കുറിച്ചായിരുന്നു. പരമ്പരാഗതമായി, പ്രാദേശിക തലത്തിലുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് (ERO) വോട്ടർ പട്ടികയിൽ നിയമപരമായ അധികാരമുള്ളത്. ഇന്ത്യൻ എക്സ്പ്രസ് അന്വേഷണമനുസരിച്ച്, കേന്ദ്രീകൃത സോഫ്റ്റ്‌വെയർ വന്നതോടെ വോട്ടർമാർ അർഹരാണെന്ന് പ്രാദേശികഓഫീസർമാർകണ്ടെത്തിയാൽ പോലും തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള അവരുടെ ശേഷിയെ പരിമിതപ്പെടുത്താൻ ഇതിന് സാധിക്കുമെന്ന ആശങ്കകൾ ഉയർന്നു.

ഇത്തരം കേന്ദ്രീകരണം കാര്യക്ഷമത വർദ്ധിപ്പിക്കാൻ മാത്രമാണോ ഉദ്ദേശിച്ചതെന്നത് മാറ്റിവെച്ചാൽ, വലിയ അധികാരം ഉൾപ്പെട്ടിരിക്കുന്നതിനാൽ തിരഞ്ഞെടുപ്പ് സംവിധാനങ്ങൾക്ക് കൃത്യമായ നിയന്ത്രണങ്ങളും പരിശോധനകളും (checks and balances) ആവശ്യമാണ്. ഒരു ബാങ്ക് അക്കൗണ്ടിനെ ബാധിക്കുന്ന തെറ്റ് പിന്നീട് തിരുത്താം. എന്നാൽ തിരഞ്ഞെടുപ്പ് ദിവസം ഒരാളെ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയുന്ന തെറ്റ് കൃത്യസമയത്ത് തിരുത്താൻ കഴിഞ്ഞേക്കില്ല.

തിരഞ്ഞെടുപ്പ് കമ്മീഷനിലുള്ള പൊതുജനവിശ്വാസത്തെ ബാധിക്കുന്ന മറ്റൊരു വിഷയം കൂടിയുണ്ട്: ഇലക്ഷൻ കമ്മീഷണർമാരെ നിയമിക്കുന്ന രീതി. 2023 മാർച്ച് 23-ന്, പാർലമെന്റ് നിയമം നിർമ്മിക്കുന്നത് വരെ, പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന ഒരു ഇടക്കാല സെലക്ഷൻ കമ്മിറ്റിയെ സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, പിന്നീട് പാർലമെന്റ് നിർമ്മിച്ച നിയമത്തിലൂടെ ആ സമിതിയിൽ നിന്ന് ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി, പകരം പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു കേന്ദ്ര കാബിനറ്റ് മന്ത്രിയെ ഉൾപ്പെടുത്തി.

അതിനാൽ, പുതിയ നിയമപരമായ സംവിധാനത്തിന് കീഴിൽ, സെലക്ഷൻ കമ്മിറ്റിയിലെ മൂന്ന് അംഗങ്ങളിൽ രണ്ടുപേരും ഭരണകക്ഷിയിൽ നിന്നുള്ളവരാണ്.

ഈ സംവിധാനത്തിന്റെ ഭരണഘടനാ സാധുത ഇപ്പോഴും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെയുള്ള ഹർജികളിൽ രണ്ട് ജഡ്ജിമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായതിനെ തുടർന്ന്, 2026 സെപ്റ്റംബർ 23-ന് സുപ്രീം കോടതി ഈ വിഷയം വിശാല ബെഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടു. ഹർജി പരിഗണിച്ച ഒരു ജഡ്ജി നിരീക്ഷിച്ചത്, തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്പക്ഷമായി പ്രവർത്തിച്ചാൽ മാത്രം പോരാ; അത് നിഷ്പക്ഷമാണെന്ന് ജനങ്ങൾക്ക് തോന്നുക കൂടെ വേണമെന്നാണ്.

ആ നിരീക്ഷണം നിലവിലെ തർക്കത്തിന്റെ കാതലിലേക്ക് വിരൽ ചൂണ്ടുന്നു. ഇലക്ഷൻ കമ്മീഷണർമാർ പൂർണ്ണമായ വ്യക്തിഗത നിഷ്പക്ഷതയോടെ പ്രവർത്തിച്ചേക്കാം. എന്നാൽ, ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും, കേരളത്തിലെ ഒരു ഗ്രാമത്തിലിരിക്കുന്ന സാധാരണ വോട്ടർക്കും ഈ റഫറി കളിക്കാരിൽ നിന്ന് തികച്ചും സ്വതന്ത്രനാണെന്ന് വിശ്വസിക്കാൻ കഴിയുന്ന രീതിയിൽ സ്ഥാപനം നിർമ്മിക്കപ്പെടണം.

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളെ (EVM) ചുറ്റപ്പറ്റിയുള്ള തർക്കങ്ങൾ തുടരുകയാണ്. ഇ.വി.എമ്മുകളുടെ വിശ്വസനീയതയെക്കുറിച്ചും പരിശോധനാ ശേഷിയെക്കുറിച്ചുമുള്ള എന്റെ ആശങ്ക പുതിയതല്ല. 2019-ലെ പൊതുതിരഞ്ഞെടുപ്പിന് മുമ്പ് തന്നെ, യന്ത്രങ്ങളുടെ ഭൗതിക സുരക്ഷയെയും

**സുപ്രീം കോടതി 2024 ഏപ്രിലിൽ ഇ.വി.എം-വിവിപാറ്റ് (EVM-VVPAT) സംവിധാനം വീണ്ടും പരിശോധിക്കുകയും പേപ്പർ ബാലറ്റുകളിലേക്ക് മടങ്ങണമെന്നോ വിവിപാറ്റ് സ്ലിപ്പുകൾ 100 ശതമാനം എണ്ണണമെന്നോ ഉള്ള ആവശ്യങ്ങൾ തള്ളിക്കളയുകയും ചെയ്തു. എങ്കിലും, മെഷീനുകളുടെ പരിശോധന സംബന്ധിച്ച് കോടതി കൂടുതൽ സുരക്ഷാ മുൻകരുതലുകൾ നിർദ്ദേശിച്ചു.**



അത് കൈകാര്യം ചെയ്യുന്നവരുടെ നിഷ്പക്ഷതയെയും വളരെയധികം ആശ്രയിക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആശങ്കകൾ ഉന്നയിച്ച് '2019-ലെ തിരഞ്ഞെടുപ്പ് ഇ.വി.എമ്മുകളാണോ തീരുമാനിക്കുന്നത്?' എന്ന തലക്കെട്ടിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നു.

ഇ.വി.എമ്മുകൾക്കെതിരെ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങളും തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുന്നില്ല. വാസ്തവത്തിൽ, സുപ്രീം കോടതി 2024 ഏപ്രിലിൽ ഇ.വി.എം-വിവിപാറ്റ് (EVM-VVPAT) സംവിധാനം വീണ്ടും പരിശോധിക്കുകയും പേപ്പർ ബാലറ്റുകളിലേക്ക് മടങ്ങണമെന്നോ വിവിപാറ്റ് സ്ലിപ്പുകൾ 100 ശതമാനം എണ്ണണമെന്നോ ഉള്ള ആവശ്യങ്ങൾ തള്ളിക്കളയുകയും ചെയ്തു. എങ്കിലും, മെഷീനുകളുടെ പരിശോധന സംബന്ധിച്ച് കോടതി കൂടുതൽ സുരക്ഷാ മുൻകരുതലുകൾ നിർദ്ദേശിച്ചു.



തങ്ങളുടെ ഇ.വി.എമ്മുകൾ നെറ്റ്‌വർക്കുകളുമായി ബന്ധിപ്പിക്കാൻ കഴിയാത്ത സ്വതന്ത്ര യന്ത്രങ്ങളാണെന്നും, ക്രമരഹിതമായി തിരഞ്ഞെടുത്ത 67,750 VVPAT സ്ലിപ്പുകൾ ഇലക്ട്രോണിക് കൗണ്ടിങ്ങുമായി ഒത്തുനോക്കിയപ്പോൾ ഒരു സ്ഥാനാർത്ഥിക്ക് ലഭിക്കേണ്ട വോട്ട് മറ്റൊരാൾക്ക് മാറിയ ഒരു കേസ് പോലും കണ്ടെത്തിയിട്ടില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കുന്നു. അവ പ്രധാനപ്പെട്ട വസ്തുതകളാണ്, ഏതൊരു സത്യസന്ധമായ ചർച്ചയിലും അത് അംഗീകരിക്കപ്പെടണം.

എന്നാൽ, 2019-ൽ ഞാൻ ഉന്നയിച്ച അടിസ്ഥാന ആശങ്ക ഇന്ന് കൂടുതൽ പ്രസക്തമാണ്. തിരഞ്ഞെടുപ്പ് എന്നത് ഒരു യന്ത്രം സുരക്ഷിതമാണെന്ന് പൗരന്മാരെ ബോധ്യപ്പെടുത്തുന്നത് മാത്രമല്ല. വോട്ടുചെയ്യുന്ന പൊതുജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ ആ പ്രക്രിയ വേണ്ടത്ര സുതാര്യവും പരിശോധിക്കാവുന്നതുമായിരിക്കണം. അത്യാധുനിക സുരക്ഷാ മുൻകരുതലുകളുള്ള സാങ്കേതിക സംവിധാനങ്ങൾ പോലും സുരക്ഷാ ഭീഷണികൾ നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇന്ത്യയിലെ ഇ.വി.എമ്മുകൾ വിമർശകർ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് വിധേയമാണെങ്കിലും അല്ലെങ്കിലും, സുതാര്യതയ്ക്കായുള്ള ന്യായമായ ആവശ്യങ്ങളെ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരിക്കലും സ്ഥാപനത്തിനെതിരായ ആക്രമണമായി കാണരുത്. കൂടുതൽ പരിശോധനകളും സ്വതന്ത്രമായ ഓഡിറ്റിംഗും പൊതുജനവിശ്വാസം ശക്തിപ്പെടുത്തുകയേ ഉള്ളൂ.

ഏറ്റവും പ്രധാനം, ഒരു തിരഞ്ഞെടുപ്പിന്റെ നിഷ്പക്ഷത ഇ.വി.എമ്മിൽ തുടങ്ങുകയോ അവസാനിക്കുകയോ ചെയ്യുന്നില്ലെന്ന് നിലവിലെ തർക്കങ്ങൾ തെളിയിക്കുന്നു. അത് വോട്ടർ പട്ടികയിൽ നിന്നാണ് ആരംഭിക്കുന്നത്.

വോട്ടർ പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യപ്പെട്ട ഒരു യഥാർത്ഥ പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ പൂർണ്ണമായി പ്രവർത്തിക്കുന്ന ഒരു വോട്ടിംഗ് സംവിധാനത്തിനും കഴിയില്ല. അതുപോലെ, വോട്ടർ പട്ടികയിൽ തെറ്റായതോ ഇരട്ടിപ്പുള്ളതോ ആയ പേര് ഉള്ളതുകൊണ്ട് മാത്രം ആ പേരിൽ കള്ളവോട്ട് നടന്നു എന്ന് സ്ഥാപിക്കാൻ കഴിയില്ല. ഇവ രണ്ടും തെളിവും അന്വേഷണവും ആവശ്യമായ രണ്ട് വ്യത്യസ്ത ചോദ്യങ്ങളാണ്.

2025 ഓഗസ്റ്റിൽ ബാംഗ്ലൂർ സെൻട്രലിലെ മഹാദേവപുര അസംബ്ലി മണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പ് കമ്മീഷൻ ഡാറ്റ വിശകലനം ചെയ്തുകൊണ്ട് രാഹുൽ ഗാന്ധി ഈ വിഷയം സജീവമായി ഉന്നയിച്ചിരുന്നു. ഇരട്ട രജിസ്ട്രേഷനുകൾ, തെറ്റായ വിലാസങ്ങൾ, ഒരു വിലാസത്തിൽ തന്നെയുള്ള കൂട്ട രജിസ്ട്രേഷനുകൾ, തെറ്റായ ഫോട്ടോകൾ, ഫോം 6 ദുരുപയോഗം എന്നിവയുൾപ്പെടെ 1,00,250 സംശയാസ്പദമായ വിവരങ്ങൾ തങ്ങളുടെ സംഘത്തിന്റെ പരിശോധനയിൽ കണ്ടെത്തിയതായി അദ്ദേഹം ആരോപിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ ആരോപണങ്ങൾ തള്ളിക്കളയുകയും കള്ളവോട്ട് നടന്നതിന്റെ തെളിവുകൾ ആവശ്യപ്പെടുകയും ചെയ്തു. അതേസമയം, സംശയാസ്പദമെന്ന് ആരോപിക്കപ്പെട്ട ചില വിലാസങ്ങൾ കുടിയേറ്റക്കാരുടെ താമസസ്ഥലങ്ങളുമായും പങ്കിട്ട വസതികളുമായും ബന്ധപ്പെട്ടതാണെന്ന് പിന്നീട് റിപ്പോർട്ടുകൾ വന്നു. അതിനാൽ, സംശയാസ്പദമായ എല്ലാ എൻട്രികളെയും കള്ളവോട്ടുകളായി സ്വയമേവ കണക്കാക്കുന്നത് തെറ്റായിരിക്കും.

എന്നാൽ, വോട്ടർ പട്ടികയിലെ ഡാറ്റയുടെ കൃത്യതയും പ്രവേശനക്ഷമതയും സംബന്ധിച്ച് ന്യായമായ ഒരു വിഷയം ഉയർത്തിക്കാട്ടാൻ അദ്ദേഹത്തിന്റെ വെളി

പ്പെടുത്തലുകൾക്ക് കഴിഞ്ഞു. ഒരു വശത്ത്, വോട്ടർ പട്ടിക പുതുക്കൽ നടപടിക്കിടെ ദശലക്ഷക്കണക്കിന് പേരുകൾ അപ്രത്യക്ഷമാകുന്നത് നാം കാണുന്നു. മറുവശത്ത്, വോട്ടർ പട്ടികയിൽ അവശേഷിക്കുന്ന ഇരട്ടിപ്പുള്ളതും തെറ്റായതുമായ പേര് വിവരങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർന്നുകൊണ്ടേയിരിക്കുന്നു.

രണ്ട് സാഹചര്യങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷനെ ആശങ്കപ്പെടുത്തേണ്ടതുണ്ട്. തെറ്റായ ഒഴിവാക്കൽ ഒരു പൗരന് വോട്ടവകാശം നിഷേധിക്കുന്നു. തെറ്റായ ഉൾപ്പെടുത്തൽ നിയമവിരുദ്ധമായ വോട്ടിംഗിലേക്ക് നയിച്ചാൽ അത് മറ്റൊരു പൗരന്റെ വോട്ടിന്റെ മൂല്യത്തെ ബാധിക്കുന്നു. അതിനാൽ, ക്രമക്കേടുകളെക്കുറിച്ചുള്ള ആരോപണങ്ങൾ കണ്ണടച്ച് സ്വീകരിക്കാനോ നിസ്സാരമായി തള്ളിക്കളയാനോ പാടില്ല. അവ സുതാര്യമായി പരിശോധിക്കുകയും അന്വേഷണത്തിലെ കണ്ടെത്തലുകൾ സാധാരണ പൗരന്മാർക്ക് മനസ്സിലാകുന്ന രീതിയിൽ ലഭ്യമാക്കുകയും വേണം.

സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യൻ ജനാധിപത്യം നിലകൊള്ളുന്ന പ്രധാന തൂണുകളിലൊന്നാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ. ഇതിന്റെ മേൽനോട്ടത്തിൽ നടന്ന തിരഞ്ഞെടുപ്പുകളിലൂടെ തുടർച്ചയായ ഗവൺമെന്റുകൾ പരാജയപ്പെടുകയും മാറ്റപ്പെടുകയും ചെയ്തിട്ടുണ്ട്. ആ ചരിത്രം ബഹുമാനം അർഹിക്കുന്നു. എന്നിരുന്നാലും, ഭൂതകാലത്തെ പ്രശസ്തിക്ക് മാത്രം വർത്തമാനകാലത്തെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയില്ല. ജനാധിപത്യം ആത്യന്തികമായി വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു. വോട്ടർമാർക്ക് വോട്ടർ പട്ടികയിലുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ, ജനാധിപത്യ പ്രക്രിയയിലെ വിശ്വാസ്യത തകരും. തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുന്നവരുടെ നിയമന പ്രക്രിയയെ അവർ അവിശ്വസിച്ചാൽ വിശ്വാസ്യത തകരും. ഇലക്ഷൻ കമ്മീഷണർമാരിൽ നിന്നുള്ള ഗൗരവമേറിയ ആന്തരിക എതിർപ്പുകൾ വിശദീകരിക്കപ്പെടാതെ കിടന്നാൽ വിശ്വാസ്യത തകരും.

ഇ.വി.എം പരിശോധനയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് പരമാവധി സുതാര്യതയ്ക്ക് പകരം വെറും ഉറപ്പുകൾ നൽകിക്കൊണ്ടാണ് മറുപടി നൽകുന്നതെങ്കിൽ, ആ സംശയങ്ങൾ ന്യായമാണെങ്കിലും അല്ലെങ്കിലും ജനമനസ്സുകളിൽ അവ നിലനിൽക്കും. അതിനാൽ, ഈ വിശ്വാസസങ്കടത്തെ പ്രതിരോധാത്മകതയോടെയല്ല, മറിച്ച് തുറന്ന സമീപനത്തോടെ നേരിടാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകേണ്ട സമയമാണിത്. ഒഴിവാക്കപ്പെട്ട ഓരോ യഥാർത്ഥ വോട്ടർക്കും പേര് പുനഃസ്ഥാപിക്കാൻ പ്രായോഗികവും സമയബന്ധിതവുമായ അവസരം ലഭിക്കണം. സംശയാസ്പദമായ ഓരോ കൂട്ടിച്ചേർക്കലും പരിശോധിക്കപ്പെടണം. തിരഞ്ഞെടുപ്പ് കമ്മീഷനുള്ളിൽ ഉയർന്ന ഓരോ പ്രധാന എതിർപ്പിനും രേഖാമൂലമുള്ള പരിഹാരം ഉണ്ടായിരിക്കണം. വോട്ടർമാരുടെ സ്വകാര്യതയ്ക്കും തിരഞ്ഞെടുപ്പ് നിയമത്തിനും വിധേയമായി അർത്ഥവത്തായ പരിശോധന സാധ്യമാകുന്ന രീതിയിൽ വോട്ടർ ഡാറ്റ ലഭ്യമാക്കണം. കൂടാതെ ഇ.വി.എം, വിവിപാറ്റ് പരിശോധനകൾക്ക് ചുറ്റുമുള്ള സുരക്ഷാ മുൻകരുതലുകൾ സുതാര്യത വർദ്ധിപ്പിക്കാൻ കഴിയുന്നിടത്തെല്ലാം ശക്തിപ്പെടുത്തുന്നത് തുടരുകയും വേണം.

കഴിഞ്ഞ ജനുവരിയിൽ കേരളത്തിൽ വെച്ച് എനിക്ക് ആ നോട്ടീസ് ലഭിച്ചപ്പോൾ, തുടക്കത്തിൽ അത് എന്റെ വ്യക്തിപരമായ ഒരു അസൗകര്യമായാണ് ഞാൻ കരുതിയത്. എന്നാൽ, ഇന്ന് നടമാടുന്ന സംഭവങ്ങൾ കാണുമ്പോൾ, എനിക്കത് അങ്ങനെ തോന്നുന്നില്ല. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വലിയൊരു പ്രശ്നത്തിന്റെ ഭാഗമായാണ് ഞാൻ അതിനെ കാണുന്നത്.ഈ ആയുഷ്കാലംകൊണ്ട്, ഇന്ത്യയിൽ പല സർക്കാരുകൾ വരുന്നതും പോകുന്നതും കാണാൻ സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ വലിയ വിജയങ്ങൾ ആഘോഷിക്കുകയും ഏതാനും വർഷങ്ങൾക്ക് ശേഷം പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. അത് ഒരു ജനാധിപത്യ സംവിധാനത്തിന്റെ സ്വഭാവവും ഭംഗിയുമാണ്. ഒരു രാഷ്ട്രീയ പാർട്ടിയും ശാശ്വതമായ ഭരണം പ്രതീക്ഷിക്കരുത്, ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് മാത്രം സർക്കാരിനെ മാറ്റാൻ തങ്ങൾക്ക് അവകാശമുണ്ടെന്ന് ഒരു പ്രതിപക്ഷ പാർട്ടിയും കരുതരുത്.

മാറിമറിയുന്ന ഈ രാഷ്ട്രീയ സാഹചര്യങ്ങൾക്കിടയിലും മാറ്റമില്ലാതെ നിൽക്കേണ്ട ഒന്നുണ്ട്: തിരഞ്ഞെടുപ്പിന്റെ വിശ്വാസ്യത. വോട്ടർ പട്ടികയിൽ നിന്ന് ദശലക്ഷക്കണക്കിന് പേരുകൾ നീക്കം ചെയ്യപ്പെടുകയോ ചോദ്യം ചെയ്യപ്പെടുകയോ ചെയ്യുമ്പോൾ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടത്തിപ്പിലും സ്വതന്ത്ര സ്വഭാവത്തിലും ഗൗരവമായ ആശങ്കകൾ ഉയരുമ്പോൾ, ഇ.വി.എം പരിശോധനയിൽ സംശയങ്ങൾ നിലനിൽക്കുമ്പോൾ, മുഴുവൻ തിരഞ്ഞെടുപ്പ് പ്രക്രിയയിലുമുള്ള പൊതുജനവിശ്വാസമാണ് തകരുന്നത്. എല്ലാ ആരോപണങ്ങളും ആത്യന്തികമായി തെളിയിക്കപ്പെട്ടാലും ഇല്ലെങ്കിലും, ജനാധിപത്യത്തിന് വെറും ഉറപ്പുകൾ കൊണ്ട് മാത്രം നിലനിൽക്കാൻ കഴിയില്ല; അതിന് സുതാര്യതയും ഉത്തരവാദിത്തവും വിശ്വാസ്യതയുള്ള സ്ഥാപനങ്ങളും ആവശ്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിന് ഇന്ന് അപകടകരമായ രീതിയിൽ ശ്വാസം മുട്ടുന്നതായി തോന്നുന്നു. വോട്ടർ പട്ടികയിലും തിരഞ്ഞെടുപ്പ് കമ്മീഷനിലും വോട്ടിംഗ് പ്രക്രിയയിലും വിശ്വാസം പുനഃസ്ഥാപിച്ചുകൊണ്ട് നാം അതിന് ജീവൻ നൽകിയില്ലെങ്കിൽ, തിരഞ്ഞെടുപ്പിനേക്കാൾ വിലയേറിയ ഒന്ന് നമുക്ക് നഷ്ടപ്പെടാം: ജനാധിപത്യത്തെ ജീവനോടെ നിലനിർത്തുന്ന ആ വിശ്വാസം തന്നെ.


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# കേരള സമാജത്തെ നയിക്കാൻ ജനകീയ മുഖമായ സാജൻ കുര്യൻ



സൗത്ത് ഫ്ലോറിഡ: സൗത്ത് ഫ്ലോറിഡയിലെ മലയാളി സമൂഹത്തിന്റെ മുഖമുദ്രയായ കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡയെ നയിക്കാൻ സാജൻ കുര്യൻ. നാല് പതിറ്റാണ്ടിലേറെയായി സൗത്ത് ഫ്ലോറിഡ മലയാളി സമൂഹത്തിന്റെ മേൽവിലാസമാണ് കേരള സമാജം. അതിന്റെ 2028 വർഷത്തെ പ്രസിഡന്റായി ജനകീയനായ സാജൻ കുര്യൻ കടന്ന് വരുന്നു.

. രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക രംഗത്തെ നിറസാന്നിധ്യമായ സാജൻ കുര്യൻ കേരള സമാജം മുൻ പ്രസിഡന്റുമാരുടെയും, ഭാരവാഹികളുടെയും അംഗങ്ങളുടെയും പരിപൂർണ്ണ പിന്തുണയോടെയാണ് സംഘടനയെ നയിക്കാൻ കടന്നു വരുന്നത്. കേരള സമാജത്തിന് കാലാനുസൃതമായ പ്രവർത്തന വീഥിയൊരുക്കാൻ സാജൻ കുര്യന് സാധ്യമാകുമെന്ന ഉറപ്പുണ്ട്.

നിസ്വാർത്ഥമായ സാമൂഹിക സേവനവുമായി ഫ്ളോറിഡയിലെ ഏതു മലയാളിക്കും ഒരു വിളിപ്പാട് അകലെ എപ്പോഴുമുള്ള വ്യക്തിയാണ് സാജൻ കുര്യൻ. ഒന്നര പതിറ്റാണ്ടായി കേരളസമാജത്തിന്റെ അഭിമാന പദ്ധതികളുടെ നടത്തിപ്പിന്റെ മുൻനിരയിൽ പ്രവർത്തിച്ച സാജൻ കുര്യൻ, 2012-ൽ ഗാന്ധിപ്രതിമാ പ്രതിഷ്ഠയുടെ നിർമ്മാണം കേരള സമാജം ഏറ്റെടുത്തപ്പോൾ അതിന് മുൻനിരയിൽ പ്രവർത്തിച്ച് ആ സ്വപ്നസാക്ഷാത്ക്കാരം നടപ്പിലാക്കിയതിൽ മുഖ്യ പങ്കാളിയായിരുന്നു. സൗത്ത് ഫ്ലോറിഡ മലയാളി അസോസിയേഷന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയ ഗാന്ധിസ്ക്വയർ നമ്മുടെ അഭിമാനമാണ്.

2012 ലും 2013ലും കേരള സമാജം ഇൻഡ്യാ ഫെസ്റ്റ് സംഘടിപ്പിച്ചപ്പോൾ അതിനായുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വിജയപഥത്തിൽ എത്തിച്ചത് സാജൻ കുര്യന്റെ കഴിവിന്റെ തെളിവാണ്. കേരളസമാജം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ എന്ന നിലയിലാണ് സാജൻ അന്ന് ചുമതലകൾ നിർവ്വഹിച്ചത്. ദുരിതവും, വേദനയും അനുഭവിക്കുന്ന വേളകളിൽ ഏത് ഫ്ളോറിഡ മലയാളിക്കും കൈത്താങ്ങായി സാജൻ കുര്യൻ മുൻപന്തിയിൽ ഉണ്ടായിരുന്നു.

ജന്മനാട്ടിൽ നിന്ന് അകലെ അമേരിക്കയിൽ വച്ച് ജീവൻ നഷ്ടമാകുന്ന പ്രിയപ്പെട്ടവരെ നാട്ടിലെത്തിക്കുക എന്നത് ശ്രമകരമായ പ്രവർത്തിയാണ്. അതിനായി കോൺസുലേറ്റുകൾ, എംബസികൾ, പൊലീസ്, നാട്ടിലെ ജനപ്രതിനിധികൾ എന്നിവരെ രാപകൽ ഭേദമെന്യേ ബന്ധപ്പെട്ട് സഹായം നൽകാൻ പ്രതിജ്ഞാബദ്ധനായി സാജൻ പ്രവർത്തിച്ചു വരുന്നു. പാസ്പോർട്ട് നഷ്ടപ്പെട്ടവർ, എമർജൻസി വിസ ആവശ്യമുള്ളവർ, കുടിയേറ്റ സംബന്ധമായ വിഷയങ്ങളിൽ ജയിലിൽ അകപ്പെട്ടവർ തുടങ്ങിയവരെ തന്റെ ബന്ധങ്ങൾ ഉപയോഗപ്പെടുത്തി സഹായിക്കുന്ന സാജൻ എപ്പോഴും മലയാളികൾക്ക് ആശ്രയവും ആശ്വാസവും പ്രതീക്ഷയുമാണ്. ഇത്തരത്തിലുള്ള ഒരു വ്യക്തി തന്നെ കേരള സമാജത്തിന്റെ സാരഥിയായി എന്നാണ് ജനഹിതം . അവരുടെ സ്നേഹപൂർവമായ അഭ്യർത്ഥന മാനിച്ചാണ് സാജൻ ഈ സ്ഥാനത്തേക്ക് കടന്നുവരുന്നത്. രാപകൽ ഭേദമന്യേ എപ്പോഴും സഹായത്തിനായി ഒരു കേരള സമാജത്തിന്റെ നേതൃത്വം ഈ കാലഘട്ടത്തിൻറെ ആവശ്യമാണ്.

# സൂര്യാ കൃഷ്ണ മൂർത്തിയ്ക്ക് 'നാമ'ത്തിന്റെ പുഷ്പചക്രാഞ്ജലി




ജോർജ് നടവയൽ

ഫിലഡൽഫിയ/തിരുവനന്തപുരം: സാംസ്കാരിക കേരളത്തിന്റെ കലാസൂര്യബിംബമായ സൂര്യാ കൃഷ്ണ മൂർത്തിയ്ക്ക് 'നാമ'ത്തിന്റെ പുഷ്പചക്രാഞ്ജലി, നാമം ഫൗണ്ടർ മാധവൻ നായരുടെ നേതൃത്വത്തിൽ അർപ്പിച്ചു.

മറ്റാരാലും അനുകരിക്കാനാവാത്ത വിധം, കലാസപര്യയിൽ ജീവിതം സമർപ്പിച്ച, കലാകാരനും നാടകപ്രവർത്തകനും സംവിധായകനുമായിരുന്നു സൂര്യാ കൃഷ്ണ മൂർത്തി (നടരാജ കൃഷ്ണ മൂർത്തി). ഐ.എസ്.ആർ.ഒ.യിൽ (ISRO) ശാസ്ത്രജ്ഞനായി സേവനമനുഷ്ഠിച്ചിരിക്കേയാണ്, സൂര്യാ കൃഷ്ണ മൂർത്തി കലാരംഗത്തേക്ക് സേവനം പൂർണ്ണമായും ഉഴിഞ്ഞു വച്ചത്.

1977-ൽ സൂര്യാ കൃഷ്ണ മൂർത്തി സ്ഥാപിച്ച 'സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റി' എന്ന സംഘടനയിലൂടെ, കേരളത്തിന്റെ കലാസാംസ്കാരിക ബോധത്തെ ആഗോളതലത്തിൽ എത്തിച്ചു. ഏറ്റവും ദൈർഘ്യമേറിയ കലാമേളകളിലൊന്നായ 'സൂര്യ ഫെസ്റ്റിവൽ' സൂര്യാ കൃഷ്ണ മൂർത്തിയുടെ ഏറ്റവും വലിയ സംഭാവനയാണ്. 'സൂര്യ ഫെസ്റ്റിവൽ' ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ രേഖാങ്കിതമായിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയുടെ ചെയർമാനായും സൂര്യാ കൃഷ്ണ മൂർത്തി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മലയാള നാടകവേദിയിൽ പ്രകാശവും ശബ്ദവും (Light and Sound Show) സമന്വയിച്ചുള്ള അത്യാധുനിക സാങ്കേതികവിദ്യകൾ ആദ്യമായി അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ മികവുകളിൽ ഒന്നാണ്. സൂര്യാ കൃഷ്ണ മൂർത്തി രചനയും സംവിധാനവും നിർവ്വഹിച്ച 'മേൽവിലാസം' എന്ന നാടകം ഇന്ത്യൻ നാടക

വേദിയിൽ വലിയ ചർച്ചകൾക്ക് വഴിവെക്കുകയും ചലച്ചിത്രമായി മാറുകയും ചെയ്തു.



വളർന്നുവരുന്ന കലാകാരന്മാർക്കായി തിരുവനന്തപുരത്ത് 'ഗണേശം' എന്ന പേരിൽ സൗജന്യ 'ബ്ലാക്ക് ബോക്സ് തിയേറ്റർ' ഒരുക്കിയ സൂര്യാ കൃഷ്ണ മൂർത്തി, നിർദ്ധനരായ കലാകാരന്മാരുടെ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിലും മുൻപന്തിയിലായിരുന്നു.

കലാരംഗത്തെ അതുല്യമായ സംഭാവനകൾ പരിഗണിച്ച് ഭാരത രാജ്യം സൂര്യാ കൃഷ്ണ മൂർത്തിയ്ക്ക് 1996-ൽ ദേശീയ പുരസ്കാരവും, കേരള സർക്കാർ സംസ്ഥാനത്തെ രണ്ടാമത്തെ പരമോന്നത ബഹുമതിയായ 'കേരള പ്രഭ' പുരസ്കാരവും നൽകി ആദരിച്ചിട്ടുണ്ട്.

പ്രദീപ് മേനോൻ (പ്രസിഡന്റ്), ബിന്ദു സത്യ (സെക്രട്ടറി), സിറിയക് എബ്രഹാം (ട്രഷറർ), ഷീല ജോസഫ്, ഹരികൃഷ്ണൻ രാജ്മോഹൻ (യൂത്ത് അഫയേഴ്സ് ചെയർ), ജോർജ് നടവയൽ (പി ആർ ഓ), ഡോ. ലതാ നയർ (സ്ട്രീം പ്രോജക്ട് ചെയർ) എന്നീ നാമം (നോർത്ത് അമേരിക്കൻ മലയാളീസ്സ് ആന്റ് അസ്സോസിയേറ്റഡ് മെംബേഴ്സ്) ഭാരവാഹികൾ, സാംസ്കാരിക കേരളത്തിന്റെ സൂര്യ ഗോപുരമായ (2026 സെപ്റ്റംബർ 23-ന് അന്തരിച്ച) സൂര്യാ കൃഷ്ണ മൂർത്തിയ്ക്ക് പ്രാർഥനാ പൂർണ്ണവും കണ്ണീരണിഞ്ഞതുമായ ആദരാഞ്ജലികൾ അർപ്പിച്ചു.



emalayalee.com

# GREAT NEWS!

Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com




Just Click
eMalayalee.com/Advertise

# വി ബസേലിയന് പുതിയ നേതൃത്വം; ഷാജി വർഗീസ് പ്രസിഡന്റ്, മാണി ജോർജ് സെക്രട്ടറി




ബസേലിയോസ് കോളേജ് അലുമ്നി അസോസിയേഷൻ നോർത്ത് അമേരിക്കൻ ചാപ്റ്ററായ 'വി ബസേലിയൻ' (We Baselian) ന്റെ പ്രഥമ വാർഷിക സമ്മേളനം സെപ്റ്റംബർ 19-ന് ന്യൂയോർക്കിലെ വാലി കോട്ടേജിലുള്ള മലബാർ പാലസിൽ നടന്നു.

വൈകുന്നേരം 7 മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ അംഗങ്ങളും അതിഥികളും ആവേശപൂർവം പങ്കെടുത്തു. സംഘടനയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനും ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള സുപ്രധാന വേദിയായി ഈ വാർഷിക സമ്മേളനം.

## വിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനം

നിലവിലെ പ്രസിഡന്റ് അബ്രഹാം ഇട്ടി തന്റെ പ്രസംഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദീകരിച്ചു. പോയ വർഷത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് കോളേജിൽ രൂപീകരിച്ച സ്കോളർഷിപ്പ് ഫണ്ടാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ പദ്ധതിയിലൂടെ കോളേജിലെ വിവിധ അക്കാദമിക് വിഭാഗങ്ങളെ പ്രതിനിധീകരിച്ച് പന്ത്രണ്ട് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ സാധിച്ചു. പദ്ധതിക്കായി 10 ലക്ഷം രൂപ കോളേജിന് കൈമാറുകയും




അത് പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപമായി (Fixed Deposit) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഭാവിയിലും അർഹരായ വിദ്യാർത്ഥികൾക്ക് തുടർച്ചയായി സാമ്പത്തിക സഹായം നൽകാൻ കഴിയുമെന്ന് അദ്ദേഹം അറിയിച്ചു.

കൂടാതെ, റോയ് മഞ്ച കുടുംബം സ്കോളർഷിപ്പ് പദ്ധതിക്കായി പ്രത്യേകമായി സംഭാവന നൽകിയ 60,000 രൂപയും കോളേജിന് കൈമാറാൻ സംഘടനയ്ക്ക് സാധിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും അക്കാദമിക മികവ് പുലർത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് കൂടുതൽ പിന്തുണ നൽകാൻ ഈ സംഭാവന സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു.

2026 അധ്യയന വർഷത്തിൽ ആരംഭിച്ച ഈ സ്കോളർഷിപ്പ് പദ്ധതി വരും വർഷങ്ങളിലും തുടർച്ചയായി നടപ്പിലാക്കുമെന്നും സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള വരുമാനവും അംഗങ്ങളുടെ പിന്തുണയും ഉപയോഗപ്പെടുത്തി അർഹരായ വിദ്യാർത്ഥികളെ എല്ലാ വർഷവും സഹായിക്കുന്നതിനാണ് പദ്ധതിയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. സാമ്പത്തികമായിപിന്നാക്കംനിൽക്കുന്നവരും അക്കാദമിക മികവ് പുലർത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് തുടർച്ചയായ പിന്തുണ ഉറപ്പാക്കുന്നതിലൂടെ മാതൃസ്ഥാപനത്തോടുള്ള അലുമ്നികളുടെ പ്രതിബദ്ധത കൂടുതൽ ശക്തിപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മാതൃസ്ഥാപനത്തോടുള്ള കടപ്പാടും വിദ്യാഭ്യാസ മികവിനുള്ള പ്രോത്സാഹനവുമാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യമെന്ന് അബ്രഹാം ഇട്ടി വ്യക്തമാക്കി.

## പുതിയ നേതൃത്വം ചുമതലയേറ്റു

യോഗത്തിൽ അടുത്ത പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെയും ബോർഡ് ചെയർമാനെയും ഏകകണ്ഠമായി തെരഞ്ഞെടുത്തു.

## ഭാരവാഹികൾ

പ്രസിഡന്റ്: ഷാജി വർഗീസ്

സെക്രട്ടറി: മാണി ജോർജ്

ട്രഷറർ: ജാൻസി ആലുങ്കൽ

ബോർഡ് ചെയർമാൻ:

കുരുവിള ചെറിയാൻ

കമ്മിറ്റി അംഗങ്ങൾ

അബ്രഹാം ഇട്ടി

(എക്സ്-ഓഫിഷ്യോ)

ജേക്കബ് റോയ്

ഡോ. മിനി ജോർജ്

പുതിയ നേതൃത്വത്തെ അംഗങ്ങൾ അഭിനന്ദിക്കുകയും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഷാജി വർഗീസ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സംഘടനയുടെ ഐക്യവും അംഗങ്ങൾ തമ്മിലുള്ള ബന്ധവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. കോളേജിനോടും സമൂഹത്തോടും ഉള്ള പ്രതിബദ്ധത കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എല്ലാവരുടെയും സഹകരണം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

## നോർത്ത് അമേരിക്കയിലുടനീളം പ്രാദേശിക ചാപ്റ്ററുകൾ രൂപീകരിക്കും

വി ബസേലിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും നോർത്ത് അമേരിക്കയിലുടനീളമുള്ള ബസേലിയോസ് കോളേജ് പൂർവവിദ്യാർത്ഥികളെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി ഷിക്കാഗോ, ഫ്ലോറിഡ, ടെക്സാസ് എന്നിവിടങ്ങളിൽ പ്രാദേശിക ചാപ്റ്ററുകൾ രൂപീകരിക്കാനും യോഗം തീരുമാനിച്ചു.

ഈ പുതിയ ചാപ്റ്ററുകൾ വഴി വിവിധ സംസ്ഥാനങ്ങളിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക തലത്തിൽ കൂട്ടായ്മകൾ, സാമൂഹിക സേവന പ്രവർത്തനങ്ങൾ, വിദ്യാർത്ഥി സഹായ പദ്ധതികൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും വഴിയൊരുങ്ങുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

നോർത്ത് അമേരിക്കയിലെ എല്ലാ We Baselian അംഗങ്ങളെയും കൂടുതൽ അടുപ്പിക്കുന്നതിനും സംഘടനയുടെ പ്രവർത്തനങ്ങൾ പ്രാദേശിക തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമാണ് ഈ മേഖലാ ചാപ്റ്ററുകൾ രൂപീകരിക്കുന്നതെന്ന് യോഗം വിലയിരുത്തി.

## പൊതുപരിപാടിക്കുള്ള നിർദ്ദേശം

അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ച ചർച്ചയിൽ, അടുത്ത വർഷം ഒരു പൊതു സാംസ്കാരിക പരിപാടിയോ സാമൂഹിക സംഗമമോ സംഘടിപ്പിക്കണമെന്ന നിർദ്ദേശം ഉയർന്നു. അംഗങ്ങൾ ഈ ആശയത്തെ സ്വാഗതം ചെയ്യുകയും പരിപാടിയുടെ രൂപരേഖയും നടത്തിപ്പും സംബന്ധിച്ച വിശദാംശങ്ങൾ പിന്നീട് ചർച്ച ചെയ്ത് അന്തിമരൂപം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## പ്രതീക്ഷയോടെ പുതിയ പ്രവർത്തന വർഷത്തിലേക്ക്

സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും പുതിയ നേതൃത്വത്തിന് പൂർണ പിന്തുണ പ്രഖ്യാപിക്കുകയും സംഘടനയുടെ ഭാവി പദ്ധതികളുമായി സഹകരിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. വിദ്യാഭ്യാസ സഹായ പദ്ധതികൾ, അലുമ്നി ശൃംഖലയുടെ വിപുലീകരണം, പ്രാദേശിക ചാപ്റ്ററുകളുടെ രൂപീകരണം, സമൂഹസേവന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി മുന്നോട്ട് പോകാനാണ് വി ബസേലിയന്റെ തീരുമാനം.

ബോർഡ് ചെയർമാൻ കുരുവിള ചെറിയാന്റെ മാർഗനിർദേശവും പുതിയ ഭാരവാഹികളുടെ പ്രതിബദ്ധതയും അംഗങ്ങളുടെ ഐക്യവും സംഘടനയുടെ ഭാവിക്ക് ശക്തമായ അടിത്തറ പാകുമെന്ന് വിലയിരുത്തിക്കൊണ്ട് വി ബസേലിയന്റെ പ്രഥമ വാർഷിക സമ്മേളനം സമാപിച്ചു. നോർത്ത് അമേരിക്കയിലെ എല്ലാ We Baselian അംഗങ്ങളെയും ബന്ധിപ്പിക്കുന്ന ശക്തമായ അലുമ്നി ശൃംഖലയായി വളരുകയെന്ന ലക്ഷ്യത്തോടെയാണ് വി ബസേലിയൻ പുതിയ പ്രവർത്തന വർഷത്തിലേക്ക് കടക്കുന്നത്.


emalayalee.com
emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Search...
Just Click
eMalayalee.com/Advertise

# 'ഫൊക്കാന ഒന്നേയുള്ളൂ' എന്ന് തെളിയിച്ച രണ്ടു വർഷം:



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ സംഘടനയുടെ കൂട്ടായ മുന്നേറ്റത്തിന്റെ കാലഘട്ടമായിരുന്നുവെന്ന് മുൻ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ. പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ രണ്ടു വർഷക്കാലം ഒരു ടീം എന്നതിലുപരി ഫൊക്കാന ഒന്നടങ്കം ഒരുമിച്ച് പ്രവർത്തിച്ച കാലമായിരുന്നു. താൻ ഫൊക്കാനയുടെ സെക്രട്ടറിയായി ചുമതലയേറ്റ സമയത്ത് 'ഏത് ഫൊക്കാനയുടെ പേരാണ് പറയുന്നത്' എന്ന് ചിലർ കളിയാക്കി ചോദിച്ചിരുന്നുവെന്നും, എന്നാൽ രണ്ടു വർഷത്തിന് ശേഷം അഭിമാനത്തോടെ 'ഫൊക്കാന ഒന്നേയുള്ളൂ' എന്ന് പറയാൻ കഴിയുന്ന അവസ്ഥയിലേക്ക് സംഘടന എത്തിയെന്നും ശ്രീകുമാർ ഉണ്ണിത്താൻ ഓർമിപ്പിച്ചു.

സംഘടനയുടെ നേട്ടങ്ങൾ ഏതെങ്കിലും വ്യക്തിയുടെയോ ഒരു വിഭാഗത്തിന്റെയോ പേരിൽ മാത്രം വിലയിരുത്തേണ്ടതല്ലെന്നും, എല്ലാവരുടെയും കൂട്ടായ പ്രവർത്തനമാണ് ഫൊക്കാനയെ മുന്നോട്ടുകൊണ്ടുപോയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 'ഞങ്ങളെന്നല്ല, നമ്മുടെ പ്രവർത്തനം' എന്ന ആശയമാണ് ഈ കാലയളവിലെ പ്രവർത്തന

ങ്ങൾക്ക് കരുത്തായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞതായും അദ്ദേഹം വിലയിരുത്തി. ഫൊക്കാന മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ്, ഹെൽത്ത് കിറ്റ് തുടങ്ങിയ പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരാനും അതിലൂടെ നിരവധി പേർക്ക് പ്രയോജനം ലഭ്യമാക്കാനും സാധിച്ചു. വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും സംഘടനയുടെ നേതൃത്വത്തിൽ തുടക്കം കുറിക്കാൻ കഴിഞ്ഞു.

ഇതോടെ പഴയ ഫൊക്കാനയിൽ നിന്ന് പുതിയ ഫൊക്കാനയിലേക്കുള്ള മാറ്റം സാധ്യമാക്കാൻ കഴിഞ്ഞുവെന്ന ആത്മവിശ്വാസവും അദ്ദേഹം പങ്കുവച്ചു. ഇനി ചുമതലയേൽക്കുന്ന ടീമിന് ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ട ഉത്തരവാദിത്തമുണ്ടെന്നും, അതിന് സംഘടനാംഗങ്ങളുടെയും സമൂഹത്തിന്റെയും കൂടുതൽ പിന്തുണ ആവശ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

കാലത്തിനനുസരിച്ച് സംഘടനയുടെ പ്രവർത്തനങ്ങളിലും മാറ്റം വരുത്താൻ കഴിഞ്ഞതാണ് കഴിഞ്ഞ രണ്ടു വർഷത്തെ മറ്റൊരു പ്രത്യേകത. എല്ലാവരുടെയും സഹകരണത്തോടെയാണ് ഇത്തരം മുന്നേറ്റങ്ങൾ സാധ്യമായതെന്നും അദ്ദേഹം വ്യക്തമാക്കി.

ഫൊക്കാനയുടെ കേരള കൺവെൻഷൻ മൂന്നു ദിവസത്തെ പരിപാടിയായി മാറ്റിയത് പ്രധാന നേട്ടങ്ങളിലൊന്നായി അദ്ദേഹം ചൂണ്ടിക്കാട്ടി. മൂന്നു ദിവസത്തെ കൺവെൻഷൻ പ്രഖ്യാപിച്ച് ഒരു മാസത്തിനകം തന്നെ മുഴുവൻ മുറികളും ബുക്ക് ചെയ്യപ്പെട്ടത് പരിപാടിക്ക് ലഭിച്ച വലിയ പിന്തുണയുടെ തെളിവാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തിയ ശ്രീകുമാർ ഉണ്ണിത്താൻ, പുതിയ ഭാരവാഹികൾക്ക് ആശംസകളും നേർന്നു. ഫൊക്കാനയെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനായി തുടർന്നും എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന അഭ്യർഥനയും അദ്ദേഹം മുന്നോട്ടുവച്ചു.



# ഫോമാ തിരഞ്ഞെടുപ്പ്: ആരോപണങ്ങൾ മാത്യു വർഗീസിന്റെ വ്യക്തിപരമായ നിലപാടെന്ന് അനു സ്കറിയ

അനു സ്കറിയ



FOMAA 2026–2028 ഭരണ സമിതി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടുത്തിടെ പ്രസിദ്ധീകരിച്ച വാർത്തയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളും ചോദ്യങ്ങളും പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്ന ശ്രീ. മാത്യു വർഗീസിന്റെ വ്യക്തിപരമായ നിലപാടുകളും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണവുമാണെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

പ്രസ്തുത വാർത്തയിൽ തിരഞ്ഞെടുപ്പ് നടപടികളുടെ സുതാര്യത, ഫലപ്രഖ്യാപനം, Waiver, വോട്ടുകളുടെ വിശദമായ കണക്ക്, വോട്ടെണ്ണൽ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങളും ആരോപണങ്ങളുമാണ് ഉന്നയിച്ചിരിക്കുന്നത്.

എന്നാൽ, ഈ വിഷയങ്ങൾ പൊതുജനങ്ങൾക്കു മുന്നിൽ പരാതികളായോ ആരോപണങ്ങളായോ അഭിപ്രായങ്ങളായോ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ്, അദ്ദേഹത്തോടൊപ്പം തിരഞ്ഞെടുപ്പിൽ മത്സരിച്ച മറ്റ് പല സ്ഥാനാർത്ഥികളുമായും ഇതുസംബന്ധിച്ച് യാതൊരു ചർച്ചയും നടത്തിയിരുന്നില്ല.

മാത്രമല്ല, ഇത്തരം വിഷയങ്ങൾ മാധ്യമങ്ങളിലൂടെ

പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുമെന്ന കാര്യം ഞാൻ ഉൾപ്പെടെയുള്ള മറ്റ് സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കുകയോ ഞങ്ങളുടെ അഭിപ്രായം ആരായുകയോ ചെയ്തിരുന്നില്ല എന്നതും പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.

അതുകൊണ്ടുതന്നെ, പ്രസ്തുത വാർത്തയിൽ ഉന്നയിച്ചിരിക്കുന്ന അഭിപ്രായങ്ങളും ആരോപണങ്ങളും ചോദ്യങ്ങളും തിരഞ്ഞെടുപ്പിൽ അദ്ദേഹത്തോടൊപ്പം മത്സരിച്ച മുഴുവൻ സ്ഥാനാർത്ഥികളുടെയും സംയുക്ത തീരുമാനമോ ഔദ്യോഗിക നിലപാടോ ആയി കണക്കാക്കരുത്. അവ ശ്രീ. മാത്യു വർഗീസ് വ്യക്തിപരമായി ഉന്നയിച്ച വിഷയങ്ങളായും അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാടായും മാത്രമേ കാണാവൂ.

## 2024 തിരഞ്ഞെടുപ്പിലെ നേരിട്ടുള്ള അനുഭവം

2024-ലെ FOMAA തിരഞ്ഞെടുപ്പ് പ്രക്രിയയിൽ വളരെ അടുത്തും സജീവമായും പ്രവർത്തിച്ച ഒരാളെന്ന നിലയിൽ, തിരഞ്ഞെടുപ്പിനായി ഉപയോഗിച്ച Simply Voting സംവിധാനത്തിന്റെ പ്രവർത്തനരീതിയും സാങ്കേതിക സംവിധാനങ്ങളും അടുത്തറിയാനും വിലയിരുത്താനും എനിക്ക് അവസരം ലഭിച്ചിരുന്നു.

ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, തിരഞ്ഞെടുപ്പ് നടത്തിപ്പിനായി ഉപയോഗിച്ച Simply Voting സംവിധാനത്തിന്റെ സുരക്ഷയിലും വിശ്വാസ്യതയിലും എനിക്ക് വ്യക്തിപരമായി ശക്തമായ വിശ്വാസമുണ്ട്.

Simply Voting പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങൾ പ്രകാരം, സ്ഥാപനം SOC 2 Type I compliance നിലനിർത്തുന്നതിനായി സ്വതന്ത്ര പരിശോധനകൾക്ക് വിധേയമാകുന്നു. AICPAയുടെ Trust Services Criteria അടിസ്ഥാനമാക്കിയുള്ള ഈ പരിശോധനകൾ Security, Availability, Confidentiality തുടങ്ങിയ നിയന്ത്രണ മേഖലകളെയാണ് പ്രധാനമായും വിലയിരുത്തുന്നത്.

അതുപോലെ, Simply Voting നൽകുന്ന ഔദ്യോഗിക വിവരങ്ങൾ പ്രകാരം, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന audit trail, encrypted communications, data-at-rest encryption, penetration testing, security reviews, voter anonymity തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും അവരുടെ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## തിരഞ്ഞെടുപ്പ് നടത്തിപ്പിന് നേതൃത്വം നൽകിയവരിലുള്ള വിശ്വാസം

2026-ലെ FOMAA തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടിരുന്ന ശ്രീ. മാത്യു ചെരുവിൽ, ശ്രീ. ജോർജ് മാത്യു, ശ്രീ. മാത്യു ജോഷ്വ എന്നിവരെ സംബന്ധിച്ചും എന്റെ വ്യക്തിപരമായ നിലപാട് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവർ മൂന്നുപേരുമായും എനിക്ക് ദീർഘകാലമായുള്ള വ്യക്തിബന്ധമുണ്ട്. അതിലുപരിയായി, ഇവർ ഓരോരുത്തരുടെയും വിവിധ പ്രവർത്തന മേഖലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ അവരോടൊപ്പം പ്രവർത്തിച്ചിട്ടുള്ള ഒരാൾ കൂടിയാണ് ഞാൻ. അതുകൊണ്ടുതന്നെ, ഓരോരുത്തരുടെയും അനുഭവസമ്പത്ത്, പ്രവർത്തനശൈലി, ഉത്തരവാദിത്വബോധം, ആത്മാർത്ഥത എന്നിവയെ അടുത്തറിയാനും മനസ്സിലാക്കാനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

FOMAAയുടെ നിയമങ്ങളും തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും, അംഗങ്ങളുടെ സ്വകാര്യതയും രഹസ്യസ്വഭാവവും, സംഘടന വർഷങ്ങളായി നേടിയെടുത്ത വിശ്വാസ്യതയും സൽപ്പേരും സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തിന്റെ ഗൗരവവും മനസ്സിലാക്കി പ്രവർത്തിക്കാൻ ആവശ്യമായ കഴിവും പരിചയവുമുള്ള വ്യക്തികളാണ് ഇവരെന്നാണ് എന്റെ വ്യക്തിപരമായ വിലയിരുത്തൽ.

എനിക്ക് ലഭ്യമായ അറിവിന്റെയും നേരിട്ടുള്ള അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ, ശ്രീ. മാത്യു ചെരുവിൽ, ശ്രീ. ജോർജ് മാത്യു, ശ്രീ. മാത്യു ജോഷ്വ

എന്നിവർ തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട തിരഞ്ഞെടുപ്പ് ചുമതലകൾ അവരുടെ കഴിവിന്റെ പരമാവധി ഉത്തരവാദിത്വത്തോടെയും ആത്മാർത്ഥതയോടെയും നിർവഹിച്ചുവെന്നാണ് എന്റെ വിശ്വാസം.

### ചോദ്യങ്ങൾ ഉന്നയിക്കാനുള്ള അവകാശവും വ്യക്തിപരമായ നിലപാടുകളും



തിരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചോ തിരഞ്ഞെടുപ്പ് നടത്തിപ്പിനെക്കുറിച്ചോ ചോദ്യങ്ങൾ ഉന്നയിക്കാൻ ഏതൊരു അംഗത്തിനും അവകാശമുണ്ട്. അത്തരം ചോദ്യങ്ങൾക്ക് വസ്തുതകളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ വ്യക്തവും സുതാര്യവുമായ മറുപടി ലഭിക്കേണ്ടതുമാണ്.

അതേസമയം, ഒരു വ്യക്തി സ്വന്തം നിലയിൽ ഉന്നയിക്കുന്ന പരാതികളോ ആരോപണങ്ങളോ അഭിപ്രായങ്ങളോ, അദ്ദേഹത്തോടൊപ്പം തിരഞ്ഞെടുപ്പിൽ മത്സരിച്ച മറ്റ് സ്ഥാനാർത്ഥികളുടെ കൂടി അറിവോടെയോ സമ്മതത്തോടെയോ ഉന്നയിക്കപ്പെട്ടവയാണെന്ന ധാരണ പൊതുജനങ്ങളിൽ സൃഷ്ടിക്കപ്പെടാതിരിക്കേണ്ടതും അത്രതന്നെ പ്രധാനമാണ്. പ്രത്യേകിച്ച്, അത്തരം വിഷയങ്ങൾ മറ്റ് സ്ഥാനാർത്ഥികളുമായി മുൻകൂട്ടി ചർച്ച ചെയ്യുകയോ അവരുടെ അഭിപ്രായമോ സമ്മതമോ തേടുകയോ ചെയ്തിട്ടില്ലെങ്കിൽ, അവയെ മുഴുവൻ തിരഞ്ഞെടുപ്പ് പാനലിന്റെയും അല്ലെങ്കിൽ അദ്ദേഹത്തോടൊപ്പം മത്സരിച്ച സ്ഥാനാർത്ഥികളുടെയും സംയുക്ത നിലപാടായി അവതരിപ്പിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.




അതിനാൽ, ഈ വിഷയത്തിൽ പ്രസിദ്ധീകരിച്ച വാർത്തയിലെ ആരോപണങ്ങളും അഭിപ്രായങ്ങളും ചോദ്യങ്ങളും ശ്രീ. മാത്യു വർഗീസിന്റെ വ്യക്തിപരമായ നിലപാടുകളാണ്; അവ ഞാൻ ഉൾപ്പെടെയുള്ള മറ്റ് സ്ഥാനാർത്ഥികളുടെ സംയുക്ത നിലപാടായി കണക്കാക്കരുത് എന്നതാണ് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്.

# ഇ-മലയാളി
# കഥാമത്സരം
# 2026

emalayalee.com



## കഥകൾ ക്ഷണിക്കുന്നു

ഇ–മലയാളി – 2026 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.

ഒന്നാം സമ്മാനം **50,000** രൂപ

രണ്ടാം സമ്മാനം **25,000** രൂപ

മൂന്നാം സമ്മാനം **10,000** രൂപ

കൂടാതെ ജൂറി അവാർഡുകളോ പ്രോത്സാഹന സമ്മാനങ്ങളോ പ്രത്യേക അംഗീകാരങ്ങളോ (സർട്ടിഫിക്കറ്റുകൾ മാത്രം) രചനകൾ വിലയിരുത്തുന്ന കമ്മറ്റിയുടെ ശുപാർശ പോലെ നൽകും .

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി–മത–രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് കഴിഞ്ഞ ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ ഇ മലയാളി പ്രസിദ്ധീകരിക്കും.
5. ജൂറി തിരഞ്ഞെടുക്കുന്ന ചുരുക്കപ്പട്ടിക മാത്രമായിരിക്കും പ്രസിദ്ധീകരിക്കുക. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുക്കുക .
6. രചനകൾ mag.emalayalee@gmail.com എന്ന വിലാസത്തിൽ അയക്കുക.
7. കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2026

സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2026 ക്രിസ്തുമസ് ദിനത്തിൽ പ്രഖ്യാപിക്കും.
കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി ബന്ധപ്പെടാം:

mag.emalayalee@gmail.com

ഇ–മലയാളി പത്രാധിപസമിതി

# ലോക കേരള സഭയും, ഒരു സാഹിത്യ സമ്മേളനവും



രാജു മൈലപ്രാ

എന്നാലും ഇതൊരു വല്ലാത്ത വിസ്മയപ്പോയി എന്റെ പൊന്നു സതീശാ! അധികാരത്തിൽ കയറിയിട്ട് നൂറു ദിവസം കഴിഞ്ഞതല്ലേയുള്ളൂ? താങ്കളെന്താ പിണറായിക്കു പഠിക്കുകയാണോ? കണ്ണിൽ ചോരയില്ലാത്ത തീരുമാനങ്ങൾ എടുക്കുമ്പോൾ, മറ്റുള്ളവരുടെ വികാരങ്ങൾ കൂടി പരിഗണിക്കേണ്ടേ?

ഇനി എന്റെ ഭാര്യയുടെ മുഖത്ത് എങ്ങിനെ നോക്കും? അല്ലെങ്കിൽത്തന്നെ അടുത്തകാലത്തായി അവൾക്ക് എന്നോടുള്ള മതിപ്പു കുറഞ്ഞു വരുന്നുണ്ടോയെന്ന് എനിക്കൊരു സംശയമുണ്ട്.

വാർത്ത കണ്ടുകൊണ്ടിരുന്ന വർക്കിച്ചൻ പെട്ടെന്ന് വെടികൊണ്ട പന്നിയേപ്പോലെ വെറളി പിടിച്ചു ഓടി നടയ്ക്കുന്നു.

'എന്തു പറ്റി മനുഷ്യാ നിങ്ങൾക്ക് ?'

വർക്കിച്ചൻ വെപ്രാളപ്പെട്ടു ഓടിനടക്കുന്നതു കണ്ട് കൊച്ചമ്മണി കാര്യം തിരക്കി. എന്തു പറഞ്ഞാലും കഴുത്തിൽ താലി കെട്ടിയവനല്ലേ? അങ്ങേരു തട്ടിപ്പോയിട്ടു വേണം, കിട്ടുന്ന ഇൻഷ്വറൻസ് കാശു കൊണ്ടു ലോകമൊന്നു കറങ്ങാൻ- അതാണു കൊച്ചമ്മണിയുടെ മോഹം.

രാവിലെ ഒരു 'സ്മോൾ' ചെല്ലാത്തതിന്റെ വിറയലായിരിക്കുമെന്നാണ് കൊച്ചമ്മണി ആദ്യം കരുതിയത്. എന്നാൽ കാര്യം അതുക്കും മേലേ ഗൗരവമുള്ളതാണ്.

'ലോക കേരള സഭ' ഇനി തുടരേണ്ട എന്ന തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

ടി.വി.യിൽ എഴുതിക്കാണിക്കുന്ന വാർത്ത കൊച്ചമ്മണിയുടെ ശ്രദ്ധയിൽപ്പെട്ടു.

'കണക്കായിപ്പോയി' കൊച്ചമ്മണി പറഞ്ഞതിന്റെ പൊരുൾ പൂർണ്ണമായും വർക്കിക്കു ഉൾക്കൊള്ളാനായില്ല.

'ലോക കേരള സഭയിലേക്കു' എന്നെ വീണ്ടും തിരഞ്ഞെടുത്തു' എന്നു പറഞ്ഞ് കൊച്ചമ്മണിയുടെ മുന്നിൽക്കൂടി ഗമയിൽ ഒരു നടപ്പുണ്ടായിരുന്നു. പങ്കെടുക്കുന്നവരെ തന്നെയാണ് വീണ്ടും വീണ്ടും പങ്കെടുപ്പിക്കുന്നത് എന്നൊരു വിസ്മയം ഈ 'ലോക കേരള സഭ' ക്കുണ്ടായിരുന്നു. എന്തായിരിക്കും അതിന്റെ ഗുട്ടൻസ്. മിക്കവാറും




മന്ത്രിമാരുടെ പെട്ടിതാങ്ങികൾക്കാണു മുൻഗണന.

സംഗതി പട്ടി ചന്തക്കു പോയതു പോലെയുള്ള ഒരു ഉഡായിപ്പ് ഏർപ്പാട് ആണെന്നറിയാമെങ്കിലും, പോകുന്നതിനു മുൻപ് വിദ്യാഭ്യാസ യോഗ്യതയും, ഉന്നത ഉദ്യോഗപദവിയും മറ്റും കാണിച്ച് പത്രത്തിൽ ഒരു ഫോട്ടോ പടം കൊടുക്കാം. താനൊരു സംഭവമാണെന്ന് നാലാളറിയുന്നത് ഒരു നിസ്സാരസംഗതിയല്ലല്ലോ!

സർക്കാർ ചിലവിൽ യാത്ര, താമസ സൗകര്യം, വരാൽകറിക്കൂട്ടി മൂന്നുനേരം മൃഷ്ടാന്ന ഭക്ഷണം. ഭാര്യ കൂടെയില്ലാത്തതിനാൽ സ്വന്തം ചിലവിൽ ഒരു 'സുഖചികിത്സ'യുമാകാം.

'ലോക കേരള സഭ' യിൽ പോയി മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടു കാര്യമില്ല. അവിടെയുള്ള മന്ത്രിമാർ 'മൂലക്കുരു' ചികിത്സയ്ക്ക് സർക്കാർ ചിലവിൽ അമേരിക്കക്കാണു വരുന്നത്. ഭരണം പോയതോടുകൂടി 'നാടൻ ചികിത്സയല്ലോ സുഖപ്രദം' എന്ന മട്ടിലേക്ക് കാര്യം മാറി മറിഞ്ഞിട്ടുണ്ട്.

പിന്നെ അമേരിക്കൻ മലയാളികളുടെ യാത്രാക്ലേശം! എന്തുക്ലേശം? ടിക്കറ്റെടുക്കുക. മതിയായ രേഖകൾ കൈയിൽ കരുതുക. സംഗതി ഫ്രീ ആയതുകൊണ്ട് ഒരു 'വീൽ ചെയർ' സൗകര്യം കൂടി വേണമെങ്കിൽ ഉപയോഗിക്കാം!

'ലോക കേരളസഭയിൽ' പങ്കെടുക്കുന്ന അമേരിക്കൻ മലയാളികളുടെ വായ duct tape വെച്ച് ഒട്ടിച്ചാണ് അകത്തോട്ടു പ്രവേശിപ്പിക്കുന്നത്. കമാന്നൊരക്ഷരം മിണ്ടാൻ അനുവാദമില്ല. ഇനി വല്ല വിവരദോഷികളും എന്തെങ്കിലും ചോദിച്ചാൽ തന്നെ 'വീട്ടിൽ പോയി ചോദിക്കടാ' എന്ന മറുപടിയായിരിക്കും കിട്ടുന്നത്.

ഇതിനു മൂർത്തമായ സമയത്ത് മൂർത്തമായ മറുപടി കൊടുക്കണം. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഡി. സതീശൻ അമേരിക്കക്കു വരാതിരിക്കില്ല. അന്ന് ആ പീക്കിരി പിള്ളേർ ഉയർത്തി ബാനർ ഉണ്ടല്ലോ– 'പോടാ–മോനേ! സതീശാ–' എന്നുള്ളത്. അതു ഉയർത്തിക്കാടി വേണം അദ്ദേഹത്തെ എയർപോർട്ടിൽ വെച്ചു വരവേൽക്കേണ്ടത്.

വായനക്കാരുടെ മനോഭാവം മാറണം!

അമേരിക്കയിൽ വായനക്കാരേക്കാൾ കൂടുതൽ എഴുത്തു

കാരാണെന്നുള്ള ഒരു ആരോപണം കാലാകാലങ്ങളായി നിലവിലുണ്ട്. ഇതു ശുദ്ധ അസംബന്ധമാണ്.

വായനക്കാർ വായിക്കുന്നതു കൊണ്ടാണല്ലോ, ഇവിടെ വായനക്കാരില്ലെന്ന് വായിക്കുന്നവർ തന്നെ പറയുന്നത്. ഇവിടെ ജനിക്കുന്ന കൃതികൾക്കൊന്നും ഒരു മണവും ഗുണവുമില്ലെന്നാണ് ചില മണക്കൂസുകൾ പറഞ്ഞു പരത്തുന്നത്.

ഒരു കഥയുമില്ലാത്ത ചെറുകഥകൾ, കാമ്പും കഴമ്പുമില്ലാത്ത ലേഖനങ്ങൾ, അന്തവും കുന്തവുമില്ലാത്ത വായിച്ചാൽ മനസ്സിലാകാത്ത കവിതകൾ, ഇക്കിളിയിട്ടാൻ പോലും ചിരി വരാത്ത ഹാസ്യകൃതികൾ- ഒന്നും ഒരു വക്കും കൊള്ളില്ല.

ഈ ആരോപണങ്ങൾ കേട്ട് സാഹിത്യകാരന്മാർ വെറുതേയിരുന്നില്ല. ആദ്യം ഈ വിഷയം താഴെത്തട്ടിലുള്ള ലോക്കൽ സാഹിത്യ സംഘടനകളിൽ ചർച്ച ചെയ്തു.

ഇവിടുത്തെ സാഹിത്യ സൃഷ്ടികൾക്കൊന്നും ഒരു കുഴപ്പവുമില്ല. കുറ്റം വായനക്കാരുടേതാണെന്ന് അവർ വിലയിരുത്തി.

'എഴുത്തുകാരെ മാറ്റാൻ ശ്രമിക്കരുത്. വായനക്കാരുടെ മനോഭാവമാണ് അടിയന്തിരമായി മാറ്റേണ്ടത്. നമ്മുടെ കൃതികൾ മനസ്സിലാകുന്നില്ലെങ്കിൽ, വായനക്കാർ വീണ്ടും വായിക്കണം.' എന്ന പ്രമേയം കൈയടിച്ചു പാസ്സാക്കി.

അമേരിക്കൻ മലയാളികളുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ പ്രശ്നം ചർച്ച ചെയ്യുവാൻ ഒരു വിശാല സാഹിത്യസമ്മേളനം നടത്തുവാൻ തീരുമാനമായി. അവിടെ ആർക്കും അഭിപ്രായങ്ങൾ തുറന്നു പറയാം.

ഇവിടെയുള്ള 'ലോക്കൽ' സാഹിത്യകാരന്മാരുടെ സൃഷ്ടികൾ ഒന്നു കൂടി മെച്ചപ്പെടുത്തുവാനുള്ള ചില പൊടിക്കൈകൾ പഠിപ്പിച്ചു തരുവാൻ നാട്ടിൽ നിന്നുമുള്ള സാഹിത്യപ്രതിഭകളേയും ക്ഷണിച്ചിട്ടുണ്ട്.

ഏതായാലും നിലവിലുള്ള 'ലോക്കൽ' എഴുത്തുകാർ അവരുടെ ശൈലി മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. പ്രശ്നം അവരുടെ എഴുത്തിലല്ല വായനക്കാരുടെ നിലവാരത്തിലാണ്.



# ഷിക്കാഗോ പിറവം നിവാസികളുടെ പിക്നിക് ഹൃദ്യമായി; സൗഹൃദവും നാട്ടുപാരമ്പര്യവും പുതുക്കി സംഗമം



emalayalee.com

ഷിക്കാഗോ: ചിക്കാഗോയിലെ പിറവം സ്വദേശികളുടെ കൂട്ടായ്മ സംഘടിപ്പിച്ച വാർഷിക പിക്നിക് ആവേശോജ്ജ്വലമായി സമാപിച്ചു. സെപ്റ്റംബർ 19-ന് രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ ഷിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയ കോമ്പൗണ്ടിലായിരുന്നു (Sacred Heart Knanaya Catholic Church) സംഗമം നടന്നത്. പിറവത്തിന്റെ സമ്പന്നമായ പാരമ്പര്യവും ജന്മനാടിനോടുള്ള ആത്മബന്ധവും പങ്കുവെക്കാനും പരസ്പരം സൗഹൃദം പുതുക്കാനുമായി ചിക്കാഗോയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന നിരവധി പിറവം സ്വദേശികളാണ് പരിപാടിയിൽ ഒത്തുചേർന്നത്.

മോൺ. ഫാ. തോമസ് മുളവനാൽ, റെവ. ഫാ. എബ്രഹാം കളരിക്കൽ എന്നിവരുടെ പ്രാർത്ഥനയോടെയാണ് പിക്നിക് ചടങ്ങുകൾക്ക് തുടക്കമിട്ടത്. നാടൻ രുചികളുടെ വിരുന്നൊരുക്കിക്കൊണ്ട് 'സൽക്കാര റെസ്റ്റോറന്റ്' തയ്യാറാക്കിയ ലൈവ് ബാർബിക്യൂ, കപ്പ ബിരിയാണി, ഒപ്പം ചായ, പരിപ്പുവട, പഴംപൊരി തുടങ്ങിയ വൈവിധ്യമാർന്ന വിഭവങ്ങൾ പിക്നിക്കിന് മാറ്റുകൂട്ടി.

മുതിർന്നവർക്കും കുട്ടികൾക്കുമായി അനേകം കായിക മത്സരങ്ങളും വിനോദ പരിപാടികളും ഈ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

പിക്നിക്കിന്റെ സുഗമമായ നടത്തിപ്പിന് രക്ഷാധികാരി ബിനോയ് സ്റ്റീഫൻ കിഴക്കനെടിയിൽ, പ്രോഗ്രാം കോർഡിനേറ്റർമാരായ ആനന്ദ് ആകാശാല, സാബു കട്ടപ്പുറം, ഡെയ്സി മൂത്താനിച്ചിറ, സഞ്ചു തെക്കനാട്ട്, സിന്ധു ഈന്തുംകാട്ടിൽ, റെക്സ് പടിക്കപറമ്പിൽ എന്നിവർ നേതൃത്വം നൽകി. നാടിന്റെ ഓർമ്മകൾ ഉണർത്തിയ ഈ ഒത്തുചേരൽ ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയുമാണ് പങ്കെടുത്തവർ അവസാനിപ്പിച്ചത്.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

## പുസ്തക പരിചയം - 40

# ഡാഫോഡിൽസ് പൂക്കും കാലം (കഥാസമാഹാരം) ഉമ






പുസ്തക പരിചയം
തയ്യാറാക്കിയത് -
**ബാജി ഓടംവേലി, ഡാലസ്**

ഡാഫോഡിൽസ് (Daffodils) പൂക്കുന്നത് സാധാരണയായി വസന്തകാലത്താണ് (Spring Season). കടുത്ത തണുപ്പുകാലം കഴിഞ്ഞ് അന്തരീക്ഷത്തിൽ നേരിയ ചൂട് അനുഭവപ്പെട്ടു തുടങ്ങുമ്പോൾ ഈ ചെടി മണ്ണിൽ നിന്ന് മുള ച്ചുപൊന്തി പൂവിടുന്നു. ഈ പ്രണയകഥകളും തണുപ്പുകാലത്തിനു ശേഷം ചൂടുതട്ടി മുളച്ചതാണ്. ഒരു ഡാഫോഡിൽ ചെടിയിൽ വിരിയുന്ന പൂക്കൾ അനുകൂല കാലാവസ്ഥയാണെങ്കിൽ ഏതാനും ആഴ്ചകൾ വരെ കൊഴിയാതെ നിൽക്കും. പക്ഷേ മനസ്സിലെ പ്രണയങ്ങളൊന്നും ഒരിക്കലും പൊഴി യുകയില്ല.

പ്രണയമാണ് ഈ പുസ്തകത്തിലെ എല്ലാ ക ഥകളിലെയും മുഖ്യവിഷയം. കഥാപാത്രങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലേക്ക് കഥാകാരി നമ്മെ കൂ ട്ടിക്കൊണ്ടു പോകുമ്പോൾ പ്രണയത്തിന്റെ പല തലങ്ങളും വായനക്കാർക്ക് അനുഭവിച്ചറിയാനാ വും. തീർത്തും സ്ത്രീ മനസ്സിലെ ആകുലതകളിൽ നിന്നും ബലഹീനതകളിൽ നിന്നും ഉയിർകൊണ്ടവ യാണ് ഓരോകഥയിലേയും കഥാപാത്രങ്ങൾ. അവ കഥാ സന്ദർഭങ്ങളുമായി ഇഴകോർത്ത്, അവ്യാന ത്തിന്റെ പരുക്കൻ പ്രതലത്തിൽ തട്ടി പ്രതിഫലി ക്കുമ്പോൾ കരുത്തുറ്റ വ്യക്തിത്വങ്ങളായി മാറുന്നു. അങ്ങനെ കഥകൾക്കും സവിശേഷമായ ഊർജ്ജം കൈവരുന്നതായി കാണാം.

നിയതമായ ചട്ടക്കൂടുകളിൽ വറുത്തെടുക്കാവുന്ന ഒന്നല്ല സാഹിത്യം. ഘടനയിലും ആഖ്യാനത്തിലും ഇത്രമാത്രം വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന, നിരന്തരം പരിഷ്ക്കരിക്കപ്പെടുന്ന സാഹിത്യരൂപവും കഥയല്ലാതെ മറ്റൊന്നല്ല.

വായനക്കാർ എങ്ങനെ കൃതിയെ വായിക്കണം എന്നൊരു മുൻധാരണ രചയിതാവിന് വച്ചു പുലർത്താമെന്നല്ലാതെ, അതേ മട്ടിൽത്തന്നെ വായിക്കണം എന്ന് നിർബ്ബന്ധം പിടിക്കുവാനാവില്ല. അതുപോലെ എഴുത്തുകാർ ഇന്ന രീതിയിലെ എഴുതാൻ പാടുള്ളൂ എന്നു നിഷ്ക്കർഷിക്കാനും കഴിയില്ല. വൈവിധ്യങ്ങളാണ് ഏതൊരു വ്യവഹാരത്തിന്റെയും സ്വീകാര്യതയ്ക്ക് കാരണമായ സുപ്രധാനമായ ഘടകം.

'ഉയിർത്തെഴുന്നേൽപ്പ്' എന്ന കഥയുടെ ശീർഷകത്തിൽ തന്നെ കഥാകാരിയുടെ സ്വത്വ പ്രതിസന്ധികളുടെ അടയാളങ്ങളുണ്ട്. കഥയിലെ നായികയ്ക്ക് ഒരിക്കൽ സ്വന്തമായി പേരുപോലും ഉണ്ടായിരുന്നില്ലെങ്കിലും പിന്നീട് ജീർണ്ണിച്ച സമൂഹത്തിനു നേരെ വെല്ലുവിളിക്കാനുള്ള ആർജ്ജവം കഥാനായിക നന്ദന പ്രകടിപ്പിക്കുന്നുണ്ട്.

ദാമ്പത്യത്തിന്റെ കെട്ടുപാടുകൾ പ്രണയത്തിന് തടസ്സമാവുകയും ആ മുൾവേലിയും കടന്ന് പ്രണയത്തിന്റെ ആകാശത്തിലേക്ക് ചിറകടിച്ചുയരാനുള്ള മനസ്സുമായി നടക്കുന്ന നായികയെ നമുക്ക് കാണാനാവും. ദാമ്പത്യം ഒരു വലിയ കുരുക്കാണെന്ന് ഉയിർത്തെഴുന്നേൽപ്പിലെ കഥാപാത്രങ്ങൾ വിളിച്ചു പറയുന്നുണ്ട്. പുരുഷാധികാരത്തെ പ്രതിരോധിച്ചുകൊണ്ട് ജീവിതം കാണിച്ചു കൊടുത്ത അമ്മ തൊട്ടുമുന്നിൽ നിൽക്കുമ്പോഴും, അതിനാവാതെ ഒരു സാധാരണ ദാമ്പത്യഭീരുവായി തീർന്ന സ്ത്രീയായി മാറേണ്ടി വന്ന നായിക സ്വയം തീർത്ത ഏകാന്തതയുടെ മാളത്തിൽ ഒളിക്കാനാണ് ഇഷ്ടപ്പെടുന്നത്.

ഒരർത്ഥത്തിൽ ഈ ആദ്യകഥയിലെ നന്ദനയാണ് മറ്റു കഥകളിലെ പ്രണയാന്വേഷികൾ. നന്ദന അനുഭവിച്ച വേദനാജനകമായ ഗാർഹിക ജീവിതമാണ് ഓരോ കഥയിലേയും നായികമാരുടെ ജൈവിക അടിത്തറ. അതുകൊണ്ടു തന്നെയാണ് അതിൽ നിന്നുള്ള മോചനം അവർ കാംക്ഷിക്കുന്നതും.

'പ്രണയം പൂക്കുന്ന ഹരിദ്വാർ' എന്ന കഥയുടെ പശ്ചാത്തലം പ്രണയാന്വേഷണത്തിന് ഒരു ആത്മീയഭാവം നൽകുന്നുണ്ട്. പുരുഷകേന്ദ്രീകൃതമായ സമൂഹം സ്ത്രീകളുടെ മേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച ഒന്നല്ലേ ഈ ചാരിത്രശുദ്ധി? പുരാണങ്ങളും ഇതിഹാസങ്ങളും തൊട്ട്, ഭാഷയിലെ കഥകളും കവിതകളുമൊക്കെ ഈ വ്യവസ്ഥയെ വളമിട്ടു പരിചരിക്കുന്നു. ചാരിത്ര്യ സങ്കലപത്തെ ചോദ്യം ചെയ്യാൻ മാത്രം സമൂഹം വളർന്നില്ല എന്ന യാഥാർത്ഥത്തെ ശിവഗംഗയിലൂടെ എഴുത്തുകാരി വെളിപ്പെടുത്തുന്നു.

തന്റെ പ്രണയം അന്വേഷിച്ച് ഹരിദ്വാറിലും ഋഷികേശിലും അലഞ്ഞു നടക്കുന്ന ശിവഗംഗയും, വിവാഹിതയെങ്കിലും സംതൃപ്തയല്ലാത്ത ആമി എന്ന അമലയും സ്ത്രി ശക്തിയുടെ പ്രതീകങ്ങളാണ്. വിവാഹ നിശ്ചയ ദിവസം, 'എനിക്കയാളെ വേണ്ട' എന്നു പറയാനുള്ള കരുത്ത് ശിവഗംഗയ്ക്കുണ്ടായിരുന്നെങ്കിലും ആമിയുടെ വഴി വ്യത്യസ്ഥമായിരുന്നു.

എന്നിരുന്നാലും ഉമയുടെ കഥകൾ സ്ത്രീപക്ഷത്തോട് മാത്രം ചേർന്നു നിൽക്കുന്നവയല്ല എന്ന് 'സ്വപ്നങ്ങളുടെ കാവൽക്കാരൻ' എന്ന കഥയിലെ ശേഖർ, 'പ്രണയ നക്ഷത്രങ്ങൾ' എന്ന കഥയിലെ അലക്സാണ്ടർ എന്നീ കഥാപാത്രങ്ങളിലൂടെ നമുക്ക്



മനസ്സിലാക്കാം. നന്മ നിറഞ്ഞ ഏതു മനുഷ്യഹൃദയത്തെയും ചേർത്തു പിടിക്കാനുള്ള കഥകാരിയുടെ പരിശ്രമമാണ് ഈ കഥകൾക്ക് ജീവൻ നൽകുന്നത്. അലക്സാണ്ടറുടെയും ഓൾഗയുടെയും പ്രണയം ഹൃദയസ്പർശിയാണ്. ട്രാജഡികൾ നിറഞ്ഞതാണ് അവരുടെ ജീവിതമെങ്കിലും മരണത്തിനു പോലും കീഴടക്കാൻ കഴിയാത്തതാണ് അവരുടെ പ്രണയം.

'നിഴലറിയാതെ' യിലെ അനിതയും ഗാർഹിക ചങ്ങലയിലെ കണ്ണികളിൽ കുടുങ്ങി കിടക്കുന്നവളാണ്. 'ഒറ്റമരം പറഞ്ഞ കഥ' യിലെ നായികയാവട്ടെ സ്വപ്നത്തിൽ കണ്ട ഒറ്റമരം തേടിയുള്ള യാത്രയിലാണ്. ഒറ്റമരം പ്രണയത്തിന്റെ സൂചകമാണ്.

'ഉയിർത്തെഴുന്നേൽപ്പ് ' എന്ന ആദ്യകഥയിലെ നന്ദനയിൽ നിന്ന് 'ചക്രവാളം' എന്ന അവസാന കഥയിലെ ശ്യാമയിലെത്തുമ്പോഴേക്കും സ്ത്രീ മനസ്സിന്റെ പല അടരുകളിലൂടെ മനസ്സ് തുറന്ന് യാത്ര ചെയ്ത അനുഭവമാകും വാനക്കാർക്ക് ആസ്വദിക്കാനാവുക. സാധാരണ വിഷയങ്ങളെ അസാധാരണമായ വാക്ചാതുര്യം കൊണ്ട് കഥാകാരി മനോഹരമാക്കിയിട്ടുണ്ട്.

എഴുത്തുകാരിയുടെ വായനാ എഴുത്ത് ജീവിതത്തെക്കുറിച്ച് ആമുഖക്കുറിപ്പിൽ നന്നായി പറഞ്ഞിട്ടുണ്ട്. വായനയുടെ ലോകത്തേക്ക് എങ്ങനെ വന്നു, ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ ആദ്യമായി എഴുതിയ കുട്ടിക്കഥ, കോളേജ് മാഗസിനിൽ അച്ചടിമഷി പുരണ്ട ആദ്യ കഥ, പിന്നെ എഴുത്തു നിലച്ചത്, പിന്നീട് ആദ്യമായി കവിത പിറന്ന ആസ്സാമിലെ ജോർഹട്ടിലെ പച്ചപ്പുകളെക്കുറിച്ചും, എഴുതി വെച്ചതെല്ലാം എവിടെയോ നഷ്ടമായതും, ന്യൂയോർക്കിലെ മാറിവന്ന ഓരോ ഋതുവും എഴുത്തുകാരിക്ക് പുനർജീവൻ നൽകിയതുമൊക്കെ, ഈ ആമുഖക്കുറിപ്പിൽ നമുക്ക് വായിക്കാനാവും,



പ്രണയമെന്നാൽ സൗന്ദര്യത്തിന് ആകർഷണീയത മാത്രമാകണമെന്നില്ല. അതുകൊണ്ടുമാത്രം സ്നേഹ പാരസ്പര്യമുണ്ടാവില്ല. ആശാന്റെ നളിനിയുടെ പ്രണയാന്വേഷണത്തിന് തുല്യമായ മാനസികാവസ്ഥ പേറുന്ന കഥാപാത്രങ്ങളാണ് ഇക്കഥകളിലെ നായികമാരെന്ന് പഠനക്കുറിപ്പിൽ ഡോ. രാജേഷ് മോൻജി നിരീക്ഷിച്ചിരിക്കുന്നു.

'പ്രണയത്തിലേക്കുള്ള കഥാന്വേഷണങ്ങൾ' എന്ന പേരിൽ ഡോ. രാജേഷ് മോൻജി തയ്യാറാക്കിയ കഥാപഠനം ആമുഖമായി ചേർത്തിട്ടുണ്ട്. ആഖ്യാന ശൈലിയും ഭാഷാസൗന്ദര്യവും നിറഞ്ഞുതുളുമ്പുന്ന ഉമയുടെ 9 കഥകളുടെ ഈ ആദ്യസമാഹാരം കോഴിക്കോട് നിന്നുള്ള മുദ്ര ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 110 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 130 രൂപയാണ്.

**ഉമ (ഉമ രവീന്ദ്രൻ)**

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലെ ഈലിയോട് ഗ്രാമത്തിൽ ജി രവീന്ദ്രന്റെയും സി. കെ. തങ്കമ്മയുടെയും മകളായി ജനിച്ചു. കൊട്ടാരക്കര മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജ്, ചേർത്തല എസ്. എൻ. കോളേജ്, പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളേജ്, ടൂറോ യൂണിവേഴ്സിറ്റി യു. എസ്. എ. എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

ഡാഫോഡിൽസ് പൂക്കും കാലം (കഥാസമാഹാരം), ഒറ്റ നക്ഷത്രം (കവിത) എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ഈ കഥാസമാഹാരത്തിന് 2022 ലെ ഫൊക്കാന പത്മരാജൻ പുരസ്കാരം ലഭിച്ചു. മറ്റ് നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ആനുകാലിലങ്ങളിൽ കഥയും കവിതയും എഴുതുന്നു. ലാനയിലും മറ്റ് സാഹിത്യ സംഘടനകളിലും സജീവമാണ്.

ന്യൂയോർക്കിൽ കുടുംബ സമേതം താമസിക്കുന്നു.

ഭർത്താവ് :- സജി കുഞ്ഞുകൃഷ്ണൻ, മകൻ :- ഗൗതം കൃഷ്ണ സജി

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



**Allstate®**
You're in good hands.

CALL
**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

**We Offer 6 Hours Defensive Driving Course in NY/NJ**

# ആ നക്ഷത്രത്തിന് എന്തോ കഥ പറയാനുണ്ടായിരുന്നു...

ശ്രീകുമാർ ഉണ്ണിത്താൻ



വർധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ എണ്ണം ലോകസമൂഹത്തെ ഭയപ്പെടുത്തുന്ന ഈ കാലത്ത്, ക്യാൻസറിനെതിരെ പൊരുതി ജീവിതത്തിലേക്ക് തിരിച്ചുവരുന്നവരും, ഒടുവിൽ ജീവിതത്തോട് വിടപറയുന്നവരും അനേകരാണ്. ഇത് അത്തരമൊരു പോരാട്ടത്തിന്റെ കഥയാണ്. ഒടുവിൽ ജീവിതത്തോട് പൊരുതി വിടപറയേണ്ടി വന്ന അനിതയുടെ കഥ.

ആശുപത്രിയിലെ മുറിയിൽ, ജനാലയിലൂടെ പതിക്കുന്ന നിലാവിനെ നോക്കി അവൾ നിശ്ശബ്ദയായി കിടന്നു.

ശരീരത്തെ കീഴടക്കിയ ക്യാൻസറിന്റെ വേദനയെക്കാൾ അവളുടെ മനസ്സിനെ വേദനിപ്പിച്ചത് മറ്റൊന്നായിരുന്നു, ഇനി അധികം ദിവസങ്ങൾ തനിക്കായി ബാക്കിയില്ലെന്ന സത്യം.

ചികിത്സ തുടങ്ങി. ആശുപത്രിയുടെ വെള്ളച്ചുവരുകൾ അവളുടെ ജീവിതത്തിന്റെ ഭാഗമായി. മരുന്നുകളുടെ ഗന്ധം... കുത്തിവയ്പ്പുകളുടെ വേദന... രാത്രികളിലെ ഉറക്കമില്ലായ്മ... മുടി കൊഴിഞ്ഞുപോകുന്നത്... ദിവസങ്ങൾ കഴിയുന്തോറും ശരീരം ക്ഷീണിക്കുന്നത്... എന്നിട്ടും ഓരോ രാവിലെയും അവൾ എഴുന്നേറ്റ് കണ്ണാടിയുടെ മുന്നിൽ നിൽക്കും, എന്നിട്ട് സ്വന്തം മുഖത്തേക്ക് കുറച്ചു നേരം നോക്കും.

പിന്നെ സ്വയം പറയും ‘‘നീ ഒരു ദിവസം കൂടി ജീവിച്ചു .. അതുമതി.’’

അവസാന ദിവസംവരെയും തീരാത്ത ഒരു യുദ്ധം നയിക്കുന്ന

യോദ്ധാവിനെപ്പോലെ അവൾ ജീവിതത്തെ മുറുകെപ്പിടിച്ചു നിന്നു. ഒരു ദിവസം ഡോക്ടർ അവളെ നോക്കി വളരെ പതുക്കെ പറഞ്ഞു:

''അനിത... നിന്റെ ജീവിതം തിരിച്ചു കിട്ടണമെങ്കിൽ എന്തെങ്കിലും മിറക്കിൾ സംഭവിക്കണം ..വാക്കുകൾ പൂർണ്ണമാക്കാതെ ഡോക്ടർ നിശ്ശബ്ദനായി. അനിത ഡോക്ടറുടെ മുഖത്തേക്ക് നോക്കി. പിന്നെ പതുക്കെ പുഞ്ചിരിച്ചു.

ആ പുഞ്ചിരിയിൽ ഒളിച്ചിരുന്ന കനലുകൾ വായിച്ചെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...

അത് മരണത്തെ സ്വീകരിച്ച ഒരാളുടെ പുഞ്ചിരിയായിരുന്നില്ല. മരണത്തോട് അവസാന നിമിഷംവരെയും പോരാടാൻ തയ്യാറായ ഒരു മനസ്സിൽനിന്ന് വന്ന പുഞ്ചിരിയായിരുന്നു അത്.

തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട ഒരു പ്രതിയുടെ മനസ്സ് എങ്ങനെയായിരിക്കുമോ, ഒരുപക്ഷേ അതിനോട് സാമ്യമുള്ളതായിരിക്കും മരണത്തെ കാത്തിരിക്കുന്ന ഒരു ക്യാൻസർ രോഗിയുടെ മനസ്സും.

പക്ഷേ ഇവിടെ ഒരു വലിയ വ്യത്യാസമുണ്ട്. പ്രതി ചെയ്ത കുറ്റത്തിന്റെ പേരിലാണ് ശിക്ഷിക്കപ്പെടുന്നത്.

പക്ഷേ ഈ രോഗികൾ ചെയ്ത തെറ്റ് എന്തായിരുന്നു? ഒന്നുമില്ല. അവരുടെ അവസ്ഥക്ക് നാം നൽകിയ പേര് ആണ് ''വിധി.''

ഈ ലോകത്ത് ജനിച്ച ഒരാൾക്കും സ്വമേധയാ ജീവിതം അവസാനിപ്പിച്ച് പോകണമെന്ന ആഗ്രഹമില്ല. മനുഷ്യൻ, അവസാന നിമിഷംവരെയും, ജീവിതത്തോട് ചേർന്നുനിൽക്കാനാണ് ആഗ്രഹിക്കുന്നത്.

പക്ഷേ ക്യാൻസർ എന്ന രോഗം ശരീരത്തെ മാത്രമല്ല, മനസ്സിനെയും എത്രത്തോളം തകർക്കുന്നുവെന്ന്അതിലൂടെകടന്നുപോകുന്ന ഒരാൾക്ക് മാത്രമേ പൂർണ്ണമായി മനസ്സിലാകൂ. പുറത്തുനിന്ന് നോക്കുന്നവർക്ക് വേദന കാണാം. പക്ഷേ ആ വേദനയ്ക്കുള്ളിലെ ഭയം... പ്രതീക്ഷ... നിരാശ... മരണത്തോടുള്ള പോരാട്ടം... ഇവയെല്ലാം അനുഭവിക്കുന്നവർക്കു മാത്രമേ അറിയൂ.

ക്യാൻസർ വാർഡിലേക്ക് ഒരിക്കലെങ്കിലും ഓരോരുത്തരും കയറിച്ചെല്ലണം. അവിടെനിന്ന് ഒരു തുള്ളി കണ്ണുനീർ പോലും തുടയ്ക്കാതെ പുറത്തേക്ക് വരാൻ കഴിയില്ല. പുരികങ്ങളില്ലാത്ത മുഖങ്ങൾ... കൺപീലികളില്ലാത്ത കണ്ണുകൾ... മുടി കൊഴിഞ്ഞ തലകൾ... ജീവിതം എന്ത് എന്ന് അറിയാത്ത ചില ചെറിയ കുട്ടികൾ, അവരുടെ ഹതാശമായ നോട്ടങ്ങൾ... പുറത്തേക്ക് വരാതെ ഉള്ളിൽ അടക്കിവച്ച കണ്ണുനീർ...

എന്നാൽ രോഗികളേക്കാൾ ചിലപ്പോൾ നമ്മളെ കൂടുതൽ വേദനിപ്പിക്കുന്നത് അവരെ ചുറ്റിപ്പറ്റി നിൽക്കുന്നവരുടെ കണ്ണുകളാണ്. രോഗത്തെക്കാൾ പ്രിയപ്പെട്ട ഒരാളെ നഷ്ടപ്പെടുമോ എന്ന ഭയം അവരുടെ കണ്ണുകളിൽ കാണാം. പറയാനാകാത്ത പ്രാർത്ഥനകൾ അവരുടെ നിശ്ശബ്ദതയിൽ കേൾക്കാം.

എങ്കിലും... അതിനിടയിലും ചില കണ്ണുകളിൽ പ്രതീക്ഷയുണ്ടാകും. ''ഞാൻ തോൽക്കില്ല...'' എന്ന് പറയുന്ന പ്രതീക്ഷ. അത്തരം മനുഷ്യരുടെ കണ്ണുകളിലൂടെ ഈ ലോകത്തെ ഒരിക്കൽ നോക്കിയാൽ, പിന്നെ നമുക്ക് ഒരിക്കലും നമ്മുടെ ജീവിതത്തെക്കുറിച്ച് അഹങ്കരിക്കാൻ കഴിയില്ല. 'ഇന്ന് ഞാൻ നാളെ നീ' ഇന്ന് മറ്റൊരാൾ അനുഭവിക്കുന്നത് നാളെ നിങ്ങൾക്ക് വരാം.

ജീവിതത്തിൽ ചെറിയ കാറ്റുകൾ വീശുമ്പോഴേക്കും തളർന്നുപോകുന്ന പലർക്കും, കൊടുങ്കാറ്റുകളെ നേരിടാനുള്ള ധൈര്യവും ഊർജവും നൽകുന്ന ഒരു വലിയ പാഠമായിരുന്നു അനിതയുടെ പോരാട്ടം.

ജീവിതത്തിൽ പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട് ഈ ലോകം ജയിച്ചവർക്ക് മാത്രം അവകാശപ്പെട്ടതാണെന്ന്. പക്ഷേ അനിതയുടെ ജീവിതം എന്നെ പഠിപ്പിച്ചത് അതല്ല. ഈ ലോകം പൊരുതി ജയിക്കാൻ ശ്രമിക്കുന്നവർക്കും, പൊരുതി ഒടുവിൽ തോറ്റുപോകുന്നവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്.

കാരണം എല്ലാ പോരാട്ടങ്ങളുടെയും അവസാനം വിജയം ആയിരിക്കണമെന്നില്ല. ചില പോരാട്ടങ്ങളുടെ മഹത്വം വിജയത്തിലല്ല. അവസാന നിമിഷംവരെയും തോൽവി സമ്മതിക്കാതെ നിന്നതിലാണ്. അനിത അത്തരമൊരു പോരാളിയായിരുന്നു.

അവൾ ക്യാൻസറിനോട് തോറ്റു എന്ന് പറയുന്നത് ഒരുപക്ഷേ ശരിയല്ല. അവളുടെ ശരീരത്തെ കീഴടക്കാൻ രോഗത്തിന് കഴിഞ്ഞു. പക്ഷേ അവളുടെ മനസ്സിനെ കീഴടക്കാൻ അതിന് കഴിഞ്ഞില്ല.

അവളുടെ അവസാന ശ്വാസം വരെയും അവൾ ജീവിതത്തെ സ്നേഹിച്ചു. അവസാന നിമിഷംവരെയും അവൾ പ്രതീക്ഷിച്ചു. അവസാന നിമിഷംവരെയും അവൾ പുഞ്ചിരിച്ചു.



‘‘നാളെ ഞാൻ ഉണ്ടാവില്ലായിരിക്കാം...’’ എന്ന് അറിയാമായിരുന്നിട്ടും, അവൾ ഇന്നത്തെ ദിവസത്തെ സ്നേഹിച്ചു.

മരണത്തിന്റെ നിഴൽ മുന്നിൽ നിൽക്കുമ്പോഴും മറ്റൊരാളോട് പുഞ്ചിരിക്കാൻ കഴിയുന്നത് വലിയ ധൈര്യമാണ്. പ്രതീക്ഷയ്ക്ക് ഇനി കാരണമൊന്നുമില്ലെന്ന് തോന്നുമ്പോഴും പ്രതീക്ഷയോടെ കണ്ണുതുറക്കുന്നത് വലിയ വിജയമാണ്. അവസാനം നമ്മളെ കാത്തിരിക്കുന്നത് മരണമാണെന്ന് അറിഞ്ഞിട്ടും, അതുവരെ ജീവിതത്തോട് ചേർന്നുനിൽക്കുന്നത് തന്നെയാണ് മനുഷ്യന്റെ ഏറ്റവും വലിയ പോരാട്ടം.

അനിത ആ പോരാട്ടം നടത്തി. അവൾ ജയിച്ചില്ലെന്ന് ലോകം പറഞ്ഞേക്കാം. പക്ഷേ അവൾ തോറ്റില്ല.

അവൾ അവസാന നിമിഷം വരെയും പൊരുതി. അവളുടെ ജീവിതം നമ്മളോട് പറയുന്നത് ഒരേയൊരു കാര്യം മാത്രം ജീവിതത്തിൽ നമുക്ക് എത്ര ദിവസം ലഭിച്ചു എന്നതല്ല പ്രധാനം; ലഭിച്ച ദിവസങ്ങളിൽ എത്ര ശക്തമായി നാം ജീവിതത്തെ ചേർത്തുപിടിച്ചു എന്നതാണ്.

ജീവിതത്തോടും മരണത്തോടും മല്ലടിച്ചു ജീവിക്കുന്ന ഇത്തരം ആയിരക്കണക്കിന് മനുഷ്യരിൽ ഒരാളെയെങ്കിലും നമുക്ക് സഹായിക്കാൻ കഴിഞ്ഞാൽ, അതിനേക്കാൾ വലിയൊരു പുണ്യപ്രവർത്തി ജീവിതത്തിൽ മറ്റൊന്നില്ല. അവിടെ നമ്മൾ ദൈവമായി അവരുടെ മുന്നിൽ അവതരിക്കുകയാണ്.

അവസാന ദിവസങ്ങളിൽ ഒരു രാത്രി, ആശുപത്രിയിലെ ജനലിനരികിൽ ഇരുന്നുകൊണ്ട് അവൾ ആകാശത്തേക്ക് നോക്കി.

നിലാവിന് ചുറ്റും എണ്ണമറ്റ നക്ഷത്രങ്ങൾ. അവൾ കൂടെയുണ്ടായിരുന്നവരോട് പതുക്കെ പറഞ്ഞു:

‘‘ജീവിതത്തിൽ നമ്മൾ ആഗ്രഹിക്കുന്നതെല്ലാം നടക്കണമെന്നില്ല. പക്ഷേ അതുകൊണ്ട് സ്വപ്നം കാണുന്നത് നിർത്തരുത്. വീഴുമ്പോൾ എഴുന്നേൽക്കണം. കരയുമ്പോൾ കണ്ണുനീർ തുടയ്ക്കണം. നഷ്ടപ്പെടുമ്പോൾ ഓർമ്മകളെ ചേർത്തുപിടിക്കണം. അതാണ് ജീവിതം.’’

പിന്നെ അവൾ വീണ്ടും ആകാശത്തേക്ക് നോക്കി. അവളുടെ കണ്ണുകളിൽ അന്ന് ഭയമുണ്ടായിരുന്നില്ല.

ഒരു ശാന്തത മാത്രം. അടുത്ത ദിവസം പുലർച്ചെ അനിതയുടെ മുറിയിലെ ജനൽ പതിവുപോലെ തുറന്നുകിടന്നു.

പക്ഷേ ആ കിടക്കയിൽ അവൾ ഉണ്ടായിരുന്നില്ല. ജനലിലൂടെ ഒരു തണുത്ത കാറ്റ് അകത്തേക്ക് കടന്നുവന്നു.

ആകാശത്ത് അപ്പോൾ ഒരു നക്ഷത്രം മാത്രം കൂടുതൽ തെളിഞ്ഞുനിന്നു. ആ നക്ഷത്രത്തിന് പതിവിലേറെ ശോഭയുണ്ടായിരുന്നു. അവൾ പോയെന്ന് ഞങ്ങൾക്കറിയാമായിരുന്നു. പക്ഷേ ആ നക്ഷത്രത്തെ നോക്കുമ്പോഴൊക്കെ തോന്നി അതിന് എന്തോ കഥ പറയാനുണ്ട് എന്ന് .

അനിത എവിടെയും പോയിട്ടില്ല. അവൾ അവളുടെ പുഞ്ചിരിയായി...

അവളുടെ ധൈര്യമായി...അവളുടെ സ്വപ്നങ്ങളായി... ആകാശത്തിലെ ആ നക്ഷത്രമായി...

ഇന്നും നമ്മളെ നോക്കി നിൽക്കുന്നുണ്ടെന്ന്.

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call (877) 202-8112
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us